# താമരമൊട്ടുകൾ

വാല്യം 24 | മെയ് 2022 | ലക്കം 05 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ മെയ് 2022 ലക്കം 05

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



***O MARY,*** *You shine continuously on our journey as a sign of salvation and hope. We entrust ourselves to you, Health of the Sick, who, at the foot of the cross, were united with Jesus' suffering, and persevered in your faith. "Mary, Help of Christians", you know our needs, and we know that you will provide, so that, as at Cana in Galilee, joy and celebration may return after this time of trial. Help us, Mother of Divine Love, to conform ourselves to the will of the Father and to do what Jesus tells us. For he took upon himself our suffering, and burdened himself with our sorrows to bring us, through the cross, to the joy of the Resurrection. Amen.*

# BISHOP'S PROGRAMME

## May 2022

| | | |
|---|---|---|
| 01 | 09.30 | Chundathumpoil |
| | 12.30 | Kaithapoyil |
| | 16.00 | Devagiri |
| 02 | 07.30 | Passukadavu |
| | 18.30 | Puthuppady |
| 03 | 07.30 | Poothampara |
| | 10.30 | Thamarassery |
| | 18.00 | Vocation Camp |
| 04 | 07.30 | Koodathai |
| | 10.30 | Thiruvambady |
| | 15.00 | Koodaranji |
| 05 | 09.00 | Ordination - Kakkadampoyil |
| | 11.00 | Koodaranji |
| | 16.00 | Peruvannamoozhi |
| 06 | 06.30 | Poolakkadavu |
| 07 | 09.15 | Ordination - Chempukadavu |
| 08 | 06.45 | Passukkadavu |
| | 08.00 | Maruthomkara |
| | 11.00 | Mukkam |
| | 16.00 | Adackakundu |
| 09 | 06.30 | Ashokapuram |
| | 10.00 | Thamarassery |
| 10 | 10.00 | Paroppady |
| | 17.00 | Tirur |
| 11 | 08.00 | Thamarassery |
| | 11.00 | Kozhikode |
| | 17.00 | Maruthomkara |
| 12 | 11.00 | Eranakulam |
| 13 | 07.00 | Vettilappara |
| 14 | 09.00 | Ordination - Valiyakolly |
| 15 | 10.00 | Kuppayakode |
| 16 | 06.30 | Panamplavu |
| | 10.00 | Thamarassery |
| 17 | 06.30 | Pandallur |
| | 10.00 | Perinthalmanna |
| 18 | 10.00 | Thamarassery |
| 19 | | Engaged |
| 20 | 10.00 | Thiruvambady |
| 21 | 10.00 | Kunnamangalam |
| | 16.00 | Mananthavady |
| 22 | 14.00 | Thiruvambady |
| 23 | 10.00 | Maruthomkara |
| | 12.30 | Koodaranji |
| 24 | 10.00 | Bethania |
| | 11.30 | Thamarassery |
| 25 | 10.00 | Thiruvambady |
| | 14.00 | Vilangad |
| 26 | 10.00 | East Hill |
| 27 | | Prayer Day |
| 28 | 10.00 | Thottumukkam |
| 29 | 10.00 | Changanassery |
| 30 | | Office Day |
| 31 | 16.00 | Vettilappara |

# ഇതളുകൾ വിരിയുമ്പോൾ

| | | |
|---|---|---|
| 1. | ആശംസകൾ | 320 |
| 2. | പ്രോഗ്രാം മെയ് 2022 | 322 |
| 3. | മെയ്ദിന സന്ദേശം 2022 | 324 |
| 4. | കച്ചേരിക്കാര്യം | 330 |
| 5. | വിശ്വാസപരിശീലനം | 332 |
| 6. | ചെറുപുഷ്പ മിഷൻലീഗ് | 334 |
| 7. | സെമിനാരി വാർത്തകൾ | 336 |
| 8. | ബൈബിൾ അപ്പോസ്തോലേറ്റ് | 338 |
| 9. | ലിറ്റർജി കമ്മീഷൻ | 339 |
| 10. | വിദ്യാഭ്യാസരംഗം | 340 |
| 11. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 341 |
| 12. | സ്റ്റാർട്ട് | 342 |
| 13. | അൽഫോൻസ കോളേജ് തരുവമ്പാടി | 343 |
| 14. | ആൽഫ മരിയ അക്കാദമി | 347 |
| 15. | മാതൃവേദി | 348 |
| 16. | ആദരാഞ്ജലികൾ | 354 |
| 17. | ഇൻഫാം | 355 |
| 18. | കുടുംബ പ്രേഷിതത്വം | 358 |
| 19. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 359 |
| 20. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 360 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 361 |
| 22. | വികസനവേദി | 362 |
| 23. | യേശുനിധി | 364 |
| 24. | അജപാലനക്കുറിപ്പുകൾ | 365 |


തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും
തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത സ്ഥാനത്തുനിന്നും വിരമിച്ച
അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനും
താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ!

Rev. Fathers

| | | |
|---|---|---|
| Machukuzhiyil Augustine | May | 3 |
| Mundackal George | | 3 |
| Vadakkel Sebastian | | 4 |
| Chemparathickal George | | 4 |
| Koothur Jacob | | 12 |
| Valliamthadathil John | | 12 |
| Kuzhimattathil James | | 13 |
| Pulthakidiyel James | | 13 |
| Thayyil Kuriakose | | 17 |
| Kandathil Vincent | | 19 |
| Kochukaipayil Kuriakose | | 21 |
| Thandamparambil Joseph | | 25 |
| Kudiyirickal Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkummoottil Philip | May | 3 |
| Valliamthadathil John | | 16 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം മെയ് 2022

| | | |
|---|---|---|
| 01 | ഞായർ | **തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്** |
| 02 | തിങ്കൾ | മാർ അദ്ദായി, വി. അത്തനേഷ്യസ് |
| 03 | ചൊവ്വ | പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | വെള്ളി | വി. ഡൊമിനിക് സാവിയോ |
| 12 | വ്യാഴം | **ചരമദിനം: ഫാ. ജേക്കബ് പുത്തൻപുര** |
| 13 | വെള്ളി | **ചരമദിനം: ഫാ. ജോസഫ് മാമ്പുഴ** |
| 14 | ശനി | വി. മത്തിയാസ് ശ്ലീഹാ, വൈദികരുടെ സ്ഥലം മാറ്റം |
| 16 | തിങ്കൾ | **ചരമദിനം: ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി** |
| 25 | ബുധൻ | **ചരമദിനം: ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| 26 | വ്യാഴം | നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം |
| | | **ചരമദിനം: ഫാ. ജോർജ് താമരശ്ശേരി** |
| 31 | ചൊവ്വ | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |







നോമ്പിലെ നാല്പതാം വെള്ളിയാഴ്ച താമരശ്ശേരി കത്തീഡ്രലിൽ നിന്നും കുളത്തുവയൽ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തിയ തീർത്ഥാടനത്തിൽനിന്ന്













# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2022

യേശുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

2022 ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു..

ലോകം അതിജീവനത്തിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ട് വർഷകാലം ലോകത്തെയാകമാനം നിശ്ചലമാക്കുകയും ദുരിതത്തിലാക്കുകയും ചെയ്ത മഹാമാരിയുടെ ദിനങ്ങൾക്ക് ഏതാണ്ടൊരു ശമനമുണ്ടായിരി ക്കുകയാണ്. ഈ ദുരിതത്തിന്റെ വേദനകൾ ഏറ്റവും കൂടുതൽ ഏറ്റു വാങ്ങിയവരാണ് അസംഘടിത തൊഴിലാളികൾ. ഈവർഷത്തെ മെയ്ദിനത്തെ എല്ലാവരും പ്രതീക്ഷയോടെയാണ് വരവേല്ക്കുന്ന തെങ്കിലും യുക്രെയിൻ യുദ്ധം പ്രത്യാശയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എത്രയുംവേഗം യുദ്ധം അവസാനിച്ച് ഈമേഖലയിൽ സമാധാനം പുലരട്ടെയെന്നു പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽ നിന്നും ദൈവാലയത്തിൽ നിന്നും തിരുകർമ്മങ്ങളിൽനിന്നു മൊക്കെ നാളിതുവരെ കേട്ടിട്ടില്ലാത്തവിധം അകന്നു കഴിഞ്ഞി രുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താ രയോടും പതുക്കെപതുക്കെ അടുത്തുവരുന്ന കാലഘട്ടം. ഇങ്ങനെ എല്ലാമേഖലകളിലുമുള്ള തിരിച്ചുവരവിനു ലോകം മുഴുവൻ ഒരുങ്ങുകയാണ്.

ഈവേളയിൽ 2023 ലെ മെത്രാൻ സിനഡിനായി പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ ആഗോളസഭ ഒന്നാകെ ഒരുങ്ങുകയാണ്. ഈവർഷത്തെ മെയ്ദിനസന്ദേശത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത് സിനഡിനെ സംബന്ധിച്ചാണ്. ആഗോളസഭയെ ഒരു സിനഡൽ സഭയായി മാറ്റുക എന്നതാണ് മെത്രാൻ സിനഡിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾവഴി ലക്ഷ്യംവയ്ക്കുന്നത്.

തിരുസഭയെ ഒരു തീർത്ഥാടക സമൂഹമായിട്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'സിനഡ്'എന്ന വാക്കിന്റെ മൂലാർത്ഥം

ഒരുമിച്ചുള്ള യാത്രയെന്നാണ്. സിനഡൽ സഭയെന്നാൽ മാർപാപ്പയും മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ച് സഞ്ചരിക്കുന്ന തീർത്ഥാടക സമൂഹം എന്നതാണ്. ദൈവജനം എല്ലാവരും സഹയാത്രികരാണ്.

2021 ഒക്ടോബർ10-ന് സിനഡിന്റെ ഒരുക്കത്തിന് തുടക്കം കുറിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്. 'സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിൽ സജീവമായി പങ്കു ചേരാൻ ലോകംമുഴുവനുമുള്ള ദൈവജനമേ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു'. ഈ വാക്കുകളിലൂടെ സഭയുടെ സർവമേഖലകളിലും വിശുദ്ധീകരണം ആവശ്യമാണെന്നും അതിൽ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിശ്വാസികൾക്കും സജീവഭാഗഭാഗിത്വം വഹിക്കാനുണ്ടെന്നുമാണ് പാപ്പ പറയുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡിനായി ഒരുങ്ങുന്ന വേളയിൽ തൊഴിലാളികളെ ഇടവകതലംമുതൽ സിനഡൽ പ്രക്രിയയിൽ ഗൗരവപൂർവ്വം ഉൾച്ചേർക്കേണ്ടതായിരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾച്ചേർക്കാനായി രണ്ട് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങളാണ് സിനഡൊരുക്കവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ എല്ലാവരെയും, വിശിഷ്യാ പലകാരണങ്ങൾകൊണ്ടും സഭാപ്രവർത്ത നങ്ങളുടെ മുഖ്യധാരയിൽനിന്നും അകന്നുനില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനെ സംബന്ധിച്ചാണ്. നേരിൽകാണുക (encounter), ശ്രദ്ധാപൂർവ്വം കേൾക്കുക (listen), വിവേചിച്ചറിയുക (discernment) എന്ന മൂന്ന് തലത്തിലുള്ള പ്രവർത്തനരീതിയാണ് ആദ്യഘട്ടത്തിൽ പ്രായോഗികമാക്കേണ്ടത്. ഇടവകകളിലെ എല്ലാ തൊഴിലാളികളുടെ പക്കലേക്കും സഭയുടെ അജപാലനത്തിന്റെ കരുതൽ എത്തിച്ചേരണം. തൊഴിലാ ളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതസാഹചര്യങ്ങൾ വിശദമായി ഉൾക്കൊള്ളണം. ഇതാണ് മുഖാമുഖംകാണൽ എന്നതുകൊണ്ട് സഭാമാതാവ് ഉദ്ദേശിക്കുന്നത്.

രണ്ടാമത്തേതാണ് അവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കൽ. എല്ലാ വിശ്വാസികളെയും തിരുസഭ കേൾക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തൊഴിലാളികളെ ഗൗരവത്തോടെ കേൾക്കാൻ നാം തയ്യാറാകണം. തൊഴിലാളികളുടെ ജീവിതത്തെയും അവരുടെ ദൈനംദിന പ്രശ്നങ്ങളെയും കരുണാപൂർവ്വം ശ്രവിക്കണം. സഭയിൽനിന്നും അവർ എന്ത് പ്രതീക്ഷിക്കുന്നുവെന്ന് അറിയണം. അതോടൊപ്പം അവരുടെ അഭിപ്രായത്തിൽ സഭാസംവിധാനങ്ങൾ എങ്ങനെയാണെന്നും, ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷ എന്താണെന്നും കേൾക്കണം.

ഇതിന്റെ തുടർച്ചയാണ് മൂന്നാമത്തെ തലം. കണ്ടുമുട്ടലിലൂടെയും ശ്രവിക്കലിലൂടെയും മനസ്സിലാക്കിയ കാര്യങ്ങൾ വിവേചിച്ചറി യലാണ് അത്. കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ ദൈവാരൂപിയുടെ

നിറവിൽ വിവേചിച്ചറിയലാണത്. ഓരോ ഇടവകയിലും രൂപതാതലത്തിലും കൂട്ടായ ചർച്ച നടക്കണം. അതുവഴി സിനഡൽ സഭയിൽ തൊഴിലാളികളെ ഉൾച്ചേർക്കാനുള്ള ആശയവും പ്രവർത്തന പദ്ധതിയും രൂപപ്പെടുത്തണം.

തുടർന്നാണ് സിനഡൽ സഭയുടെ രൂപപ്പെടലിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നത്. സഭാസംവിധാനങ്ങൾ തൊഴിലാളിയുടെ കൂടെ സഞ്ചരിക്കാൻ തുടങ്ങണം. സിനഡൽ സഭയെ രൂപപ്പെടുത്താ നായി മുഴുവൻ ദൈവജനത്തിന്റെയും ഒത്തൊരുമ (communion), പങ്കാളിത്തം (participation), പ്രേഷിതദൗത്യം (mission) എന്നിവ യിലധിഷ്ഠിതമായി സഭാസംവിധാനങ്ങളെ പൂർണ്ണമായും പുനഃക്രമീ കരിക്കാനാണ് പരിശുദ്ധപിതാവ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

കൂടെ നടന്നുകൊണ്ട് അവരെ ഒത്തൊരുമയിലേക്ക് വളർത്തണം. കൂടെനടക്കലിന്റെ കരുത്തിനെയും സാദ്ധ്യതകളെയും കുറിച്ച് വിശുദ്ധഗ്രന്ഥത്തിലെ എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇടവകതലം മുതൽ നടത്തപ്പെടുന്ന സിനഡൊരുക്ക പ്രവർത്തനങ്ങൾ എല്ലാ തൊഴിലാളികൾക്കും എമ്മാവൂസ് അനുഭവമായി മാറണം. അതിന്റെ ആദ്യപടിയായി ഒത്തൊരുമയ്ക്കായി തൊഴിലാളികളെ സംഘം ചേർക്കണം. സംഘബോധം ഉളവാക്കണം. തൊഴിലാളികൾ തമ്മിൽത്തമ്മിലും സഭാസംവിധാനങ്ങളുമായും ഒന്നുചേർന്നുചിന്തി ക്കാനും, പ്രവർത്തിക്കാനും, ജീവിക്കാനും ഉള്ള അവസരം രൂപപ്പെടുത്തണം. ഇതിന്റെ അടുത്തപടിയാണ് പങ്കാളിത്തം. സഭയിലെ സംവിധാനങ്ങളിലും സഭയുടെ വിവിധശുശ്രൂഷകളിലും പങ്കാളിത്തം ലഭ്യമാക്കണം. സംഘബോധത്തിലൂടെയും പങ്കാളിത്ത നടപടികളിലൂടെയും പ്രേഷിതാഭിമുഖ്യം തൊഴിലാളികൾക്ക് ലഭിക്കും. അതിനെതുടർന്ന് യേശുവിന്റെ പ്രേഷിതരായി മാറുകയും ചെയ്യുന്നു.

പരിശുദ്ധപിതാവ് ആവശ്യപ്പെടുന്നത് സിനഡൊരുക്കത്തിന്റെ പ്രവർത്ത നങ്ങൾ കത്തോലിക്കരിൽ മാത്രം ഒതുക്കരുതെന്നാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതവിശ്വാസികളുമായും മാത്രമല്ല ഈശ്വരനിൽ വിശ്വസിക്കാത്തവരുമായും സംഭാഷണങ്ങൾ നടത്തണമെന്നാണ്. എല്ലാവരു മായും പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മാനവരാശിയുടെ സമഗ്ര വികസനത്തിനായി യോജിച്ചു പ്രവർത്തിക്കേണ്ടതാണ്. അതോ ടൊപ്പം പരിസ്ഥിതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും കാത്തുസൂക്ഷിക്കേണ്ടതുമാണ്. 'ലൗദാത്തോസി' യിലൂടെയും 'ഫ്രത്തേലി തൂത്തിയി'ലൂടെയും ഇക്കാര്യം വിശദമായി പാപ്പ പഠിപ്പിക്കുന്നുണ്ട്.

സിനഡൽ സഭയുടെ ആവിർഭാവത്തിനായി മുന്നൊരുക്ക രേഖകളിൽ സൂചിപ്പിക്കുന്ന രണ്ടുഘട്ടങ്ങളിലായി ആറ് തലങ്ങളിൽ പൂർത്തിയാകുന്ന പ്രവർത്തന പരിപാടികൾ തൊഴിലാളികളുടെ മദ്ധ്യേ പ്രയോഗ വല്ക്കരിക്കാൻ പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തു ന്നതിനേക്കാൾ ഉചിതം നിലവിലുള്ള

സംവിധാനങ്ങൾ ശക്തിപ്പെടു ത്തുക എന്നതാണ്. സിനഡൽസഭയുടെ ദർശനം നിലവിലുള്ളതിൽ ഉൾച്ചേർത്താൽ മതിയാകും. കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. അസംഘടി തതൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനും വികസന ത്തിനുമായിട്ടാണ് കെ.എൽ.എം. പ്രധാനമായും പ്രവർത്തിച്ചുവരുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽ രജിസ്ട്രർ ചെയ്തിട്ടുള്ളത് മൂലം സർക്കാരുകളുടെ തൊഴിലാളി ക്ഷേമപദ്ധതി കളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻവേണ്ട ഒത്താശകൾ നല്കാൻ കെ.എൽ.എം. നു കഴിയുന്നുണ്ട്. കോവിഡ് കാലത്തും സ്തുത്യർഹ മായ പ്രവർത്തനങ്ങൾ നടത്താൻ ഈ സംഘടനയ്ക്ക് കഴിഞ്ഞു വെന്നത് അഭിനന്ദനാർഹമാണ്.

കെ.എൽ.എം.ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്ത നങ്ങൾ എല്ലാ രൂപതകളിലേക്കും ഇടവകകളിലേക്കും എല്ലാ തൊഴിലാളികളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടെ ഒത്തൊരുമ യോടെയും പങ്കാളിത്തത്തോടെയും സിനഡൽ ഇടവകകളും രൂപതകളും രൂപപ്പെടുത്താൻ കെ.എൽ.എം. പ്രവർ ത്തനം വഴി സാധിക്കുന്നതാണ്. അതുവഴി തൊഴിലാളികളെ പ്രേഷിത ചൈതന്യമുള്ളവരായി മാറ്റാൻ സാധിക്കും.

കേരളത്തിലെ രൂപതകളിലെയും സന്യാസസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്കുള്ള നയരേഖ (People Management Policy) കെ.സി.ബി.സി. പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തിരുസ്സഭയുടെ സാമൂഹികപ്രബോധനത്തിലും രാജ്യത്തെ തൊഴിൽ നിയമങ്ങൾക്കു മനുസൃതമായിട്ടാണ് ഇത് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സിനഡിനൊരുങ്ങുന്ന ഈ വർഷത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സന്യാസ സമൂഹങ്ങളിലെയും സ്ഥാപനങ്ങളിൽ ഇത് പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും പ്രസക്തമാണ്. സിനഡൽ സഭയായിതീരാനുള്ള പ്രവർത്തനങ്ങളിൽ ഒരു ചുവടുവയ്പായി ഇതു മാറും. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഒത്താശകൾ കെ.എൽ.എം. നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ ഈ നയരേഖ കെ.സി.ബി.സി. ആസ്ഥാനത്ത് നടപ്പിലാക്കിയെന്നത് മാതൃകാപരവും അഭിനന്ദനാർഹ വുമായ കാര്യമാണ്.

പൊതുസമൂഹവുമായുള്ള സംഭാഷണം സിനഡാത്മകസഭയുടെ ഒരു പ്രധാന സവിശേഷതയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായ സുവിശേഷസാക്ഷ്യത്തിന് അനിവാര്യഘടകമാണെന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധിപ്പിക്കുന്നത്. തൊഴിലാളി കളുടെ ഇടയിലുള്ള ഇടപെടലിന് രാജ്യത്തെ തൊഴിൽ സാഹചര്യ ങ്ങളെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്.

കാരണം ഈ സാഹചര്യത്തിലാണല്ലോ തൊഴിലാളികൾ ജീവിക്കുന്നത്.

കോവിഡ്കാലം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിട ത്തോളം ഏറെ ദുരിതപൂർണ്ണമാണ്. തൊഴിലില്ലാതായി, വരുമാനത്തിൽ വലിയതോതിൽ ഇടിവ് തട്ടി, എന്നാൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും കാര്യമായ സമാശ്വാസ നടപടികൾ ഒന്നുംതന്നെ ഉണ്ടായി ല്ലായെന്നതാണ് ഖേദകരം. മറ്റെല്ലാ രാജ്യങ്ങളിലുംതന്നെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് നേരിട്ട് പണം നല്കുകയുണ്ടായി. സാമ്പത്തിക വിദഗ്ദ്ധരും ട്രേഡ് യൂണിയനുകളും ഒക്കെ തൊഴിലാളികൾക്ക് നേരിട്ട് പണം കൊടുക്കണമെന്നാവശ്യം ഉന്നയിച്ചിട്ടും കേന്ദ്രസർക്കാർ അത് പരിഗണിച്ചില്ല. മാത്രമല്ല, അന്യായമായ വിധത്തിൽ ഇന്ധനവില വർദ്ധിപ്പിക്കാനായിരുന്നു ശ്രമിച്ചത്. ഇത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായി മാറിയിരിക്കുകയാണ്.

അതോടൊപ്പം കാർഷികനിയമങ്ങളിലും തൊഴിൽനിയമങ്ങ ളിലും ഭേദഗതികൾ വരുത്തുകയുണ്ടായി. തൊഴിലാളികൾ ഉൾപ്പെട്ട ബന്ധപ്പെട്ടവരോട് മാത്രമല്ല പാർലിമെന്റിൽ പോലും ആവശ്യമായ ചർച്ചകൾ നടത്താതെ അനാവശ്യ തിടുക്കത്തിലാണ് പാസ്സാക്കിയിട്ടു ള്ളത്. ഈ നിയമങ്ങൾ കർഷക - തൊഴിലാളി വിരുദ്ധങ്ങളാണെന്ന ആക്ഷേപം പ്രാരംഭംമുതൽ ഉണ്ടായിരുന്നു. ഏതായാലും, ഒരുവർഷ ക്കാലം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ സഹന സമരത്തിലൂടെ പുതിയ കർഷകനിയമങ്ങളെ പിൻവലിപ്പിക്കാൻ കർഷകർക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പുതിയ തൊഴിൽ നിയമങ്ങളിലെ തൊഴിലാളി വിരുദ്ധഭാഗങ്ങൾ വേണ്ടത്ര കൂടിയാ ലോചന നടത്തി ഭേദഗതിചെയ്തിട്ട് മാത്രം നടപ്പിലാക്കാൻ കേന്ദ്രസർ ക്കാർ ശ്രമിക്കുന്നതാണ് ഉചിതം.

കേരളത്തിൽ കോവിഡ്കാലത്ത് ഭക്ഷ്യകിറ്റ് വിതരണത്തിലൂടെ യും സമാശ്വാസ ധനവിതരണത്തിലൂടെയും സംസ്ഥാനസർക്കാരിന്റെ പരിമിതികളിൽനിന്നുകൊണ്ട് നല്ലപ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ അസംഘടിത തൊഴിലാളികളോടുള്ള പരിഗണനയിൽ ഇടിവ് തട്ടിയിട്ടുണ്ടെന്ന ആക്ഷേപം വ്യാപകമാണ്. പല തൊഴിലാളി ക്ഷേമനിധികളുടെയും തനത് ഫണ്ട് സർക്കാർ വായ്പയായി എടുത്തതുമൂലം ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നില്ലായെന്ന പരാതിയുണ്ട്. എല്ലാവർഷവും അസംഘടിതതൊഴിലാളികൾക്ക് ലഭിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ ഉറപ്പ്, ഈ വർഷം ലംഘിക്കപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് അനുകൂലമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കയറ്റിറക്ക് മേഖലയിലെ നോക്കുകൂലിപോലെയുള്ള ചില തെറ്റായ

പ്രവണതകൾക്കെതിരെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളും സർക്കാരും ഒന്നിച്ച് മുന്നോട്ട് പോകുന്നത് നല്ല കാര്യമാണ്. നോക്കുകൂലി എന്ന അസ്വീകാര്യ സംഗതി കയറ്റിറക്ക് മേഖലയിൽ മാത്രമേ ഉള്ളോ എന്നു പരിശോധി ക്കേണ്ടതാണ്. അദ്ധ്വാനിക്കാതെ അന്യായമായി പണം ഈടാക്കുന്നത് ഏതു രീതിയിലാണെങ്കിലും അതിനെ നോക്കുകൂലിയുടെ ഗണത്തിൽതന്നെ ഉൾപ്പെടുത്തേണ്ട താണ്. പൗരന്മാർക്കുള്ള സേവനങ്ങൾ നിവർത്തിച്ചു

കൊടുക്കാൻ ചില സർക്കാർ ഉദ്യോഗസ്ഥന്മാർ വാങ്ങുന്ന കൈക്കൂലി ഒരുതരത്തിൽ നോക്കുകൂലി തന്നെയാണ്. അതുപോലെ തന്നെ സ്കാനിങ് ഉൾപ്പടെയുള്ള വൈദ്യപരിശോധനകൾക്കും മരുന്നുകൾക്കും ഡോക്ടർമാർക്ക് ലഭിക്കുന്ന കമ്മീഷനുകളും ഈ ഗണത്തിൽതന്നെ ഉൾപ്പെടുന്നു. ജോലിചെയ്യാതെ കൂലിവാങ്ങുന്നതും അന്യായമായി അധികകൂലി നിർബ്ബന്ധിച്ചു വാങ്ങുന്നതും അനർഹമായത് വളഞ്ഞ മാർഗത്തിൽ നേടിയെടുക്കുന്നതും ധാർമ്മികതയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും എതിരാണ്. ഇത്തരം അനാശാസ്യ പ്രവണതകളെ നിയന്ത്രിക്കാനുള്ള സമഗ്രനിയമം രൂപീകരിക്കേണ്ടിയിരിക്കുന്നു. തൊഴിലാളിദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളി കൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ നടത്തുന്നത് നല്ലതാണ്.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ‘നസ്രത്തിലെ ആശാരിപ്പുരയിലെ പ്രശാന്തത നിങ്ങളുടെ ജോലിയിടങ്ങളിൽ നിറഞ്ഞു നില്ക്കട്ടെ’ എന്നാശംസിക്കുന്നുണ്ട്. പാപ്പാ ഉദ്ദേശിക്കുന്ന ‘ആശാരിപ്പുരയിലെ പ്രശാന്തത’യ്ക്കായി എല്ലാ തൊഴിലാളികൾക്കും മികച്ച തൊഴിലവസരങ്ങളും, ന്യായമായ കൂലിയും, സാമൂഹിക സുരക്ഷയും, മതിയായ വിശ്രമവും ലഭ്യമാക്കേണ്ടതാണ്. ഇത് തൊഴിൽ ദാതാക്കളുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം തൊഴിലാളി തന്റെ തൊഴിലിനെയും തൊഴിൽ ദാതാവിനെയും സ്നേഹിക്കുന്നതോടൊപ്പം സത്യസന്ധതയോടെയും ആർജ്ജവ ത്തോടെയും തൊഴിൽ ചെയ്യേണ്ടതാണെന്നും തൊഴിലാളികളെ ഈ ദിനം ഓർമ്മപ്പെടുത്തുന്നു. സിനഡൽ സഭയെ രൂപപ്പെടുത്തുന്നതിനായി തൊഴിലാളികൾക്കൊപ്പം നമുക്ക് സഞ്ചരിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

# കച്ചേരിക്കാര്യം

### 1. വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം 2022 ജൂലൈ 3 മുതൽ 8 വരെയും ജൂലൈ 10 മുതൽ 15 വരെയും രണ്ടു ബാച്ചുകളി ലായി പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ജൂലൈ മാസത്തിലെ പരിപാടികൾ അതിനനുസരിച്ച് ക്രമീകരിക്കുമല്ലോ. ലിസ്റ്റ് ജൂൺ മാസം താമരമൊട്ടുകളിൽ പ്രസിദ്ധീ കരിക്കുന്നതാണ്.

### 2. ഇടവകയുടെ കണക്കുകൾ

2022-23 സാമ്പത്തിക വർഷം മുതൽ ഇടവകയുടെ കണക്കുകൾ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചെയ്യുന്നതിനാൽ കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്ന് സോഫ്റ്റ്‌വെയർ വഴി എടുക്കാവുന്നതാണ്. അതുകൊണ്ട് രൂപതയിലേക്ക് കണക്കുകൾ പോസ്റ്റൽ വഴി അയയ്ക്കേണ്ടതില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്.

### 3. ഹൃദ്യമായ സ്വാഗതം

ഇറ്റലിയിലെ നൊവാറ അതിരൂപതയിലെ മരിയ അസൂന്ത തീർത്ഥാടനകേന്ദ്രത്തിൽ 6 വർഷം ശുശ്രൂഷ ചെയ്തതിനു ശേഷം രൂപതയിലെ അജപാലന ശുശ്രൂഷയ്ക്കായി കടന്നുവന്നിരിക്കുന്ന സ്നേഹ ബഹുമാനപ്പെട്ട മിൽട്ടൻ മുളങ്ങാശ്ശേരി അച്ചന് ഹൃദ്യമായ സ്വാഗതം. തുടർന്നുള്ള അജപാലന പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

### 4. തിരുപ്പട്ട സ്വീകരണം

ചെമ്പുകടവ് ഇടവകാംഗമായ മറ്റപ്പള്ളിൽ തോമസ് - ഗ്രേസി ദമ്പതികളുടെ മകൻ ഡീക്കൻ സെബാസ്റ്റ്യൻ മറ്റപ്പള്ളിൽ 2022 മെയ് 7-ാം തീയതി രാവിലെ 9.15 ന് താമരശ്ശേരി രൂപതയ്ക്കുവേണ്ടി അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിക്കുന്നു. ബഹു. ഡീക്കൻ സെബാസ്റ്റ്യൻ മറ്റപ്പള്ളിയ്ക്ക് രൂപതാ സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ.

## 5. സ്മരണാഞ്ജലി

5-05-2002 – റവ. ഫാ. ജോസഫ് മാടക്കച്ചേരി

06-05-1991 – റവ. ഫാ. അബ്രാഹം കവളക്കാട്ട്

**12.05.2020 – റവ. ഫാ. ജേക്കബ് പുത്തൻപുര**

**13-05-2007 – റവ. ഫാ. ജോസഫ് മാമ്പുഴ**

16-05-1984 – മോൺ. ജേക്കബ് പുത്തോട്ട്

**16-05-2019 – റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ**

22-05-1992 – മോൺ. തോമസ് പഴേപറമ്പിൽ

24-05-1997 – റവ. ഫാ. മാത്യു നടുവിലേക്കുറ്റ്

**25-05-2003 – റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ**

**26-05-2008 – റവ. ഫാ. ജോർജ് താമരശ്ശേരി**

പ്രോട്ടോസിഞ്ചെല്ലൂസ്



# വിശ്വാസപരിശീലനം

"അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു." (ലൂക്കാ 24:50-51)

## വിശ്വാസപരിശീലനം വാർഷിക പരീക്ഷകൾ

2022 മാർച്ച് 6 ഞായർ, 10 AM 12 PM വാർഷികപരീക്ഷ നടന്നു

പത്താം ക്ലാസിന്റെ ചോദ്യപേപ്പർ രൂപതയിൽ നിന്ന് പ്രിന്റ്ചെയ്ത് നൽകി.

STD 1 STD 9 വരെയുള്ള ക്ലാസുകളുടെ വാർഷിക പരീക്ഷകൾ 2022 മാർച്ച് 13 ഞായറാഴ്ച നടന്നു.

4, 9 ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ രൂപതയിൽ നിന്ന് PDF ആയി അയച്ചു നൽകി ഓൺലൈൻ ആയിട്ടാണ് പരീക്ഷ നടത്തിയത്. 4, 5, 6 ക്ലാസ്സുകൾക്ക് 10 AM 12 PM വരെയും, 7, 8, 9 ക്ലാസ്സുകൾക്ക് 2 PM 4 PM വരെയും ആയിരുന്നു പരീക്ഷ.

1,2,3 ക്ലാസ്സുകളിലെ ചോദ്യപരീക്ഷ 2022 മാർച്ച് 13 ഞായർ തന്നെ നടന്നു. ചോദ്യ പരീക്ഷയ്ക്ക് സഹായകമായ ഒരു ചോദ്യാവലി അധ്യാപകർക്ക് രൂപതയിൽ നിന്ന് PDF ആയി അയച്ചു നൽകിയിരുന്നു.

## ഷോർട്ട് ഫിലിം മത്സരവിജയികൾ

താമരശ്ശേരി രൂപതാ വിശ്വാസ പരിശീലന കേന്ദ്രം സംഘടിപ്പിച്ച നസ്രത്തിലെ പിതാവായ വിശുദ്ധ യൗസേപ്പ് എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഷോർട്ട് ഫിലിം മത്സരത്തിൽ വിജയികളായവരുടെ പേരുവിവരങ്ങൾ

1 Prize- I CARE YOU, (സിനോജ് ഇരിങ്ങാലക്കുട)

2 Prize കാവലാൾ, സി. ജിയ (MSJ കോൺഗ്രിഗേഷൻ)

3 Prize റോസി, ബെന്നി ജോസഫ് (വേനപ്പാറ)

*പ്രോത്സാഹന സമ്മാനങ്ങൾ*

1. JOSEPH THE CARPENTER, റോബിൻ ജോർജ് (മഞ്ഞക്കടവ്)
2. തണൽ, അമൽ ജോസഫ് (കാറ്റുള്ളമല)

വിജയികളായവർക്കും, പ്രോത്സാഹന സമ്മാനാർഹരായവർക്കും, മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## യേശു അനുഭവ ഏകദിനധ്യാനം

വിശ്വാസപരിശീലന കേന്ദ്രം താമരശ്ശേരി രൂപത വിശ്വാസപരിശീലകർക്കായി ഒരുക്കുന്ന യേശു അനുഭവ ഏകദിനധ്യാനം 2022 മെയ് മാസത്തിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്.

### *ധ്യാനം നടക്കുന്ന ദിവസങ്ങൾ*

1. 2022 മെയ് 17 ചൊവ്വ , 9 AM 4.30 PM പെരിന്തൽമണ്ണ ഫൊറോന പള്ളിയിൽ (പെരിന്തൽമണ്ണ, മലപ്പുറം, കരുവാരകുണ്ട് മേഖലയിലെ അധ്യാപകർ)
2. 2022 മെയ് 18 ബുധൻ, 9 AM 4.30 PM താമരശ്ശേരി മേരിമാതാ കത്തീഡ്രൽ പള്ളിയിൽ (താമരശ്ശേരി കോടഞ്ചേരി മേഖലയിലെ അധ്യാപകർ)
3. 2022 മെയ് 20 വെള്ളി , 9 AM 4.30 PM തിരുവമ്പാടി ഫൊറോന പള്ളിയിൽ (തിരുവമ്പാടി മേഖലയിലെ അധ്യാപകർ)
4. 2022 മെയ് 13 വെള്ളി, 9 AM 4.30 PM മരുതോങ്കര ഫൊറോനാ പള്ളിയിൽ (കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് മേഖലയിലെ അധ്യാപകർ)
5. 2022 മെയ് 26 വ്യാഴം, 9 AM 4.30 PM ഈസ്റ്റ് ഹിൽ ഫാത്തിമ മാതാ പള്ളിയിൽ (പാറോപ്പടി മേഖലയിലെ അധ്യാപകർ)
6. 2022 മെയ് 27 വെള്ളി, 9 AM 4.30 PM തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പള്ളിയിൽ (തോട്ടുമുക്കം മേഖലയിലെ അധ്യാപകർ)

## കൗമാര ലൈംഗിക വിദ്യാഭ്യാസം (Catechesis on human sexuality)

കോടഞ്ചേരി മേഖലയിലെ എല്ലാ ഇടവകകളിലെയും 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് Dr. Abraham Jacob സാറിന്റെ കൗമാര ലൈംഗിക വിദ്യാഭ്യാസം (Catechesis on human sexuality) എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ബോധവൽക്കരണ സെമിനാർ 2022 ഏപ്രിൽ 9 ശനി സംഘടിപ്പിച്ചു .

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരേ, ഏപ്രിൽ മാസത്തിൽ ദൈവവിളി മിഷൻ മാസമായി നാം ആചരിച്ചുവരുകയായിരുന്നല്ലോ. മെയ് ആദ്യ ആഴ്ചകളിൽ ദൈവവിളി ക്യാമ്പുകളും നടത്തപ്പെടുകയാണ്. നമ്മുടെ രൂപതയിൽ നിന്നും നല്ല ദൈവവിളികൾ ധാരാളം ഉണ്ടാകുവാൻ നാം പ്രത്യേകം പ്രാർത്ഥിക്കേണ്ട ദിവസങ്ങളാണെന്ന് ഓർമ്മിക്കുമല്ലോ.

## MISSIO - ദൈവവിളി പ്രസംഗ മത്സരം

ഏപ്രിൽ 24 ദൈവവിളി ഞായറിൽ താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്റൽ സെന്ററിൽ വെച്ച് ശാഖാ വൈസ് ഡയറക്ടേഴ്സ് സംഗമവും, ജൂനിയർ ഭാരവാഹികൾക്കായി ദൈവവിളി സെമിനാറും, ദൈവവിളി പ്രസംഗ മത്സരവും നടത്തി. വൈസ് ഡയറക്ടേഴ്സ് സംഗമത്തിൽ ക്ലാസെടുത്തത് മാനന്തവാടി രൂപത അംഗവും മിഷൻ ലീഗ് മുൻ അന്തർദേശീയ സമിതി അംഗവുമായ ശ്രീ. തോമസ് ഏറനാട്ടും ആയിരുന്നു. ദൈവവിളി സെമിനാർ നയിച്ചത് ബഹു . സി. ടെസിൻ എഫ് സി സി യും ആയിരുന്നു. ദൈവവിളി പ്രസംഗമത്സരത്തിലെ വിജയികൾ

First - ബിലീന ആൻ ബെന്നി, കട്ടക്കയം, വേനപ്പാറ
Second - എൽസ നിയ ജോൺ, ചെരിയംപുറത്ത്, ചക്കിട്ടപാറ
Third - ഏൽറോയ് പാറത്തലയ്ക്കൽ, കണ്ണോത്ത്
എയ്ഞ്ചൽ ജോഷി കുന്നത്തേട്ട്, മഞ്ഞക്കുന്ന്

## മിഷൻ – ദൈവവിളി മാസം

2022 ഏപ്രിൽ 1 മുതൽ 30 വരെ മിഷൻ മാസാചരണത്തോടനുബന്ധിച്ച് മിഷൻ രൂപതകൾക്കായി പ്രത്യേകമായി പ്രാർത്ഥിച്ചു.

### ഏപ്രിൽ

1 ഛാന്ദാ രൂപത — 2 സാഗർ രൂപത — 3 സാത്നാ രൂപത
4 ഉജ്ജയിൻ രൂപത — 5 ബിജ്നോർ രൂപത — 6 ജഗദൽപൂർ രൂപത
7 രാജ്കോട്ട് രൂപത — 8 ഗോരഖ്പൂർ രൂപത — 9 കല്യാൺ രൂപത
10 മുതൽ 17 വലിയ ആഴ്ച
18 തക്കല രൂപത — 19 ബൽത്തങ്ങാടി രൂപത
20 അദിലാബാദ് രൂപത — 21 ഭദ്രാവതി രൂപത
22 മാണ്ഡ്യ രൂപത — 23 രാമനാഥപുരം രൂപത

24 ഫരീദാബാദ് രൂപത 25 ഹൊസൂർ രൂപത
26 ഷംഷാബാദ് രൂപത
27 സെന്റ് തോമസ് രൂപത ചിക്കാഗോ (അമേരിക്ക)
28 സെന്റ് തോമസ് രൂപത മെൽബൺ (ഓസ്ട്രേലിയ)
29 സെന്റ് അൽഫോൻസാ രൂപത പ്രസ്റ്റൺ (ബ്രിട്ടൻ)
30 മിസ്സിസ്വാഗ രൂപത (കാനഡ)

## പ്ലാറ്റിനം ജൂബിലി ബൈബിൾ ആൽബം മത്സര വിജയികൾ

First - ബ്രിട്ടോ ജേക്കബ് വീരാളശ്ശേരിൽ, പേരാമ്പ്ര
Second - അധീന ആൻസൺ വെള്ളാരംകുന്നേൽ, തേക്കുംകുറ്റി
Third - നോയൽ കെ. ഷിബു, കുറ്റിക്കാടൻ, പേരാമ്പ്ര
ലെന ആന്റോ ആരനോലിക്കൽ, മുക്കം

## വാർഷികാഘോഷവും മാനേജിങ് കമ്മറ്റിയും

2021-2022 പ്രവർത്തന വർഷത്തെ വാർഷികവും മാനേജിങ് കമ്മറ്റിയും മെയ് 21 ശനിയാഴ്ച നടക്കുന്നതാണ്. ചെറുപുഷ്പ മിഷൻ ലീഗ് തിരുബാല സഖ്യം സംഘടനകളിൽ കഴിഞ്ഞവർഷം നടത്തിയ മത്സരങ്ങൾക്കുള്ള സമ്മാന ദാനം അന്ന് നിർവഹിക്കപ്പെടുന്നതാണ്. മാനേജിങ് കമ്മിറ്റിയിലെ എല്ലാ അംഗ ങ്ങളും, കഴിഞ്ഞ വർഷം നടത്തിയ മത്സരങ്ങളിലെ സമ്മാനർഹരും അന്നേദിവ സം വാർഷികത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



മികച്ച ശാഖ, മേഖലകൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാതല ജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യ ജോൺ നല്ലിക്കുന്നേൽ പിതാവിൽ നിന്നും താമരശ്ശേരി രൂപതാ ഭാരവാഹികൾ സ്വീകരിക്കുന്നു

# സെമിനാരി വാർത്തകൾ

## മ്ശംമ്ശാന പട്ടവും ചെറുപട്ടങ്ങളും

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന 12 ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഏപ്രിൽ 9-ാം തീയതി രാവിലെ 8 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും മ്ശംമ്ശാന, ഹെവ്പ്പ്ദ്യാക്ക്ന, കാറോയ പട്ടങ്ങൾ സ്വീകരിച്ചു. പട്ടത്തിന് ഒരുക്കമായി നടത്തപ്പെട്ട ധ്യാനം നയിച്ചത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു. ജീസൺ പോൾ വേങ്ങാശ്ശേരി അച്ചനാണ്. ഏപ്രിൽ 8-ാം തീയതി കുളത്തുവയൽ തീർത്ഥാടനകേന്ദ്രത്തിലേക്ക് നടത്തപ്പട്ട 40-ാം വെള്ളിയാഴ്ച കുരിശിന്റെ വഴിയിലും വൈദിക വിദ്യാർത്ഥികൾ പങ്കുചേർന്നു. വിവിധ പട്ടങ്ങൾ സ്വീകരിച്ചവർ:

*മ്ശംമ്ശാന*

1 ഡീ. ജോർജ്ജ് കരിന്തോളിൽ (കൂടരഞ്ഞി)
2 ഡീ. ജേക്കബ്ബ് കോയിപ്പുറത്ത് (പുല്ലൂരാംപാറ)
3 ഡീ. ജോസഫ് പന്തലാടിക്കൽ (പുല്ലൂരാംപാറ)
4 ഡീ. ജോസഫ് വിലങ്ങുപാറ (ചുണ്ടത്തുംപൊയിൽ)

*ഹെവ്പ്പദ്യാക്ക്ന*

1 ബ്ര. ജോർജ്ജ് കുമ്പുക്കൽ (പൂഴിത്തോട്)
2 ബ്ര. ജോസഫ് വെട്ടുകല്ലേൽ (കരികണ്ടൻപാറ)

*കാറോയ*

1 ബ്ര. ജിയോ കടുകന്മാക്കൽ (കല്ലാനോട്)
2 ബ്ര. എമ്മാനുവേൽ കുറൂർ (ചെമ്പുകടവ്)
3 ബ്ര. മൈക്കിൾ നീലംപറമ്പിൽ (കണ്ണോത്ത്)
4 ബ്ര. ജോസഫ് പന്തപ്ലാക്കൽ (പൂഴിത്തോട്)
5 ബ്ര. ജേക്കബ്ബ് തിട്ടയിൽ (കരിയാത്തുംപാറ)
6 ബ്ര. കുര്യൻ വെളിയത്ത് (കരിയാത്തുംപാറ)

## ഇംഗ്ലീഷ് ക്രാഷ് കോഴ്സ്

രൂപതാ മൈനർ സെമിനാരിയിൽ ഒന്നും, രണ്ടും വർഷ വൈദിക പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികൾക്കായി ഏപ്രിൽ 18 മുതൽ

22 വരെ ഇംഗ്ലീഷ് ക്രാഷ് കോഴ്സ് നടത്തി. കോട്ടയ്ക്കൽ ഇടവകാംഗങ്ങളായ ബഹു. ഷാജൻ സാറും, പ്രദീപ് സാറുമാണ് ക്ലാസ്സുകൾ നടത്തിയത്.

## വർക്കിംഗ് ക്യാമ്പ്

ഈ വർഷത്തെ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ വർക്കിംഗ് ക്യാമ്പ് താമരശ്ശേരി അൽഫോൻസ സീനിയർ ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് ഏപ്രിൽ 19 മുതൽ 22 വരെ തീയതികളിൽ നടത്തപ്പെട്ടു. അൽഫോൻസാ സ്കൂളിലെയും സെമിനാരിയിലെയും വൈദികർ ക്യാമ്പിന് നേതൃത്വം നൽകി. അഭിവന്ദ്യ റെമീജിയോസ് പിതാവും, പെരിയ ബഹു. ജനറാളച്ചനും ക്യാമ്പിൽ പങ്കുചേരുകയും വൈദിക വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു. 22-ാം തീയതി വർക്കിംഗ് ക്യാമ്പിന് ശേഷം പടത്തുകടവിലേക്ക് നടത്തപ്പെട്ട ഔട്ടിംഗിന് പടത്തുകടവ് ഇടവക വികാരിയച്ചൻ ബഹു. ജോസഫ് വടക്കേലച്ചൻ എല്ലാ ക്രമീകരണങ്ങളും ചെയ്തു. ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## വൈദിക വസ്ത്ര സ്വീകരണം

റീജൻസി പൂർത്തിയാക്കി 5 വൈദിക വിദ്യാർത്ഥികളും ഡിഗ്രി പഠനവും ഫിലോസഫിയും കഴിഞ്ഞ 3 വൈദിക വിദ്യാർത്ഥികളും ഏപ്രിൽ 26 ചൊവ്വാഴ്ച രാവിലെ 8 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്നും വൈദിക വസ്ത്രം സ്വീകരിച്ചു. അതിനൊരുക്കമായി ഏപ്രിൽ 22 മുതൽ 25 വരെ മൈനർ സെമിനാരിയിൽ വച്ച് നടന്ന ധ്യാനത്തിന് സി.എസ്.ടി സഭാംഗമാ. ഫാ. ജോബി ഇടത്താഴെ നേതൃത്വം നല്കി. വൈദിക വസ്ത്രം സ്വീകരിച്ചവർ

1 കോനുക്കുന്നേൽ എഡ്വിൻ (ജോൺ), കൂരാച്ചുണ്ട്
2 മലമ്പേൽ സാവിയോ (ജോസഫ്), പൂതംപാറ
3 പല്ലാട്ട് ജെറാൾഡ് (സെബാസ്റ്റ്യൻ), പുന്നയ്ക്കൽ
4 പോത്തനാമുഴിയിൽ അലൻ (ജോസഫ്), കോടഞ്ചേരി
5 പുറത്തൂട്ട് നവീൻ സെബിൻ (ജോസഫ്), തിരുവമ്പാടി
6 തോട്ടമറ്റത്തിൽ സെബിൻ (സെബാസ്റ്റ്യൻ), വെട്ടത്തൂർ
7 തുറവയ്ക്കൽ അരുൺ (മാത്യു), കണ്ണോത്ത്
8 വെള്ളാപ്പള്ളിൽ അലൻ (ജോസഫ്), പുല്ലൂരാംപാറ

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ബൈബിൾ അപ്പോസ്തോലേറ്റ്

## ലോഗോസ് ക്വിസ് -2022

പ്രിയ ബഹുമാനപ്പെട്ട അച്ചാ, മഹാമാരിയുടെ തടസ്സങ്ങൾ കഴിഞ്ഞുവരുന്ന ഈ വർഷത്തിലെ ലോഗോസ് ക്വിസ് വീണ്ടും സജീവമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ലോഗോസ് ക്വിസ് 2022 പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

### 1. പ്രായവിഭാഗങ്ങൾ

A വിഭാഗം - 01.01.2011 നും അതിനു ശേഷവും ജനിച്ചവർ
B വിഭാഗം - 01.01.2006 നും 31.12.2010 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 01.01.1991 നും 31.12.2005 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 01.01.1971 നും 31.12.1990 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 01.01.1958 നും 31.12.1970 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 01.01.1957 നും അതിനു മുമ്പും ജനിച്ചവർ

### 2. പഠനഭാഗങ്ങൾ

ജോഷ്വ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8; 2 കോറിന്തോസ് 1-6

### 3. രജിസ്ട്രേഷൻ

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2022 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2022 ജൂലൈ 31 നും ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന മൂന്ന് ഇടവകകൾക്ക് പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നല്കുന്നതായിരിക്കും.

### 4. പരീക്ഷ തീയതികൾ

രൂപതാതലത്തിലുള്ള പൊതുപരീക്ഷ **2022 സെപ്റ്റംബർ 25 ഞായറാഴ്ച** നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2022 നവംബർ 6നും, മെഗാഫൈനൽ പരീക്ഷ പി.ഒ.സി.യിൽ വച്ച് 2022 നവംബർ 19, 20 തീയതികളിലും നടത്തപ്പെടുന്നു.

ബൈബിൾ പഠിക്കുവാനുള്ള ഈയവസരം ഏവരും ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ബൈബിൾ അപ്പസ്തോലേറ്റ്

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ - ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ഏപ്രിൽ മാസത്തിലെ ക്ലാസ്സുകൾ ഏപ്രിൽ 9, 30 തീയതികളിൽ നടന്നു. ഏപ്രിൽ 9 ലെ ക്ലാസ് നയിച്ചത് കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ് ആയ ബഹു. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അച്ചനാണ്. 'പരിശുദ്ധ കുർബാനയും വിശുദ്ധഗ്രന്ഥ വായനകളും' എന്ന വിഷയത്തെ അടിസ്ഥാന മാക്കിയാണ് അദ്ദേഹം ക്ലാസ് നയിച്ചത്. ഏപ്രിൽ 30 ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജി കമ്മീഷൻ അംഗവും കപ്പൂച്ചിൻ സന്യാസസമൂഹാംഗവുമായ ബഹു. ഡോ. ക്രിസ്റ്റി അച്ചനാണ്. 'സീറോ മലബാർ കുർബാനയിലെ അനുഷ്ഠാന കർമങ്ങളും അതിന്റെ അർത്ഥതലങ്ങളും' എന്ന വിഷയത്തെ അടിസ്ഥാന മാക്കിയാണ് അദ്ദേഹം ക്ലാസ്സ് നയിച്ചത്.

സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര- ദൈവശാസ്ത്ര വശങ്ങളെ ക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇ-മെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഏപ്രിൽ മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക്പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസ്സ്- പുതിയ ബാച്ച്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ച് 2022 ജനുവരി 16 ഞായറാഴ്ച്ച ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. ഈ ക്ലാസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 82813 46179 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## വിദ്യാഭ്യാസ സംഗമവും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും

കോർപ്പറേറ്റ് സ്കൂളുകളിലെ മുഴുവൻ അധ്യാപക-അനധ്യാപക ജീവനക്കാരെയും പങ്കെടുപ്പിച്ച് നടത്തിയ വിദ്യാഭ്യാസ സംഗമത്തിൽ വച്ച് ഈ വർഷം വിരമിക്കുന്ന 37 അധ്യാപകർക്ക് പ്രൗഢഗംഭീരമായ യാത്രയയപ്പ് നൽകി. 09.04.2022 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയ നവീകരണകേന്ദ്രത്തിൽവെച്ചു നടന്ന യാത്രയയപ്പ് സമ്മേളനം അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് അധ്യക്ഷനായിരുന്നു. പതിറ്റാണ്ടുകൾ നീണ്ട അധ്യാപനം ഏറെ മാതൃകാപരമായി നിർവ്വഹിച്ച അധ്യാപകശ്രേഷ്ഠരെ അഭിവന്ദ്യ പിതാവ് പ്രത്യേകം അഭിനന്ദിക്കുകയും ആശംസകളും നന്ദിയും അറിയിക്കുകയും ചെയ്തു. വിരമിക്കുന്ന അധ്യാപകർക്ക് കോർപ്പറേറ്റിന്റെ സ്നേഹോപഹാരം പിതാവ് സമ്മാനിച്ചു. ഭാവി തലമുറയ്ക്ക് മൂല്യബോധമുള്ള വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മനസാക്ഷി സൂക്ഷിപ്പുകാരായി മാറാൻ വിദ്യാഭ്യാസ പ്രവർത്തകരെ പിതാവ് ആഹ്വാനം ചെയ്തു.

രാവിലെ നടന്ന വിദ്യാഭ്യാസ സെമിനാറിന് സിഎംഐ കോഴിക്കോട് പ്രൊവിൻഷ്യൽ റവ. ഡോ. തോമസ് തെക്കേൽ നേതൃത്വം നൽകി. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, അഗസ്റ്റ്യൻ മഠത്തിപ്പറമ്പിൽ, കെ.ജെ.ആന്റണി, ജേക്കബ് കോച്ചേരി, ജോളി ജോസഫ്, ലില്ലിക്കുട്ടി ജോർജ്, റൂബി തോമസ്, സിബി കുര്യാക്കോസ്, ഷിവിച്ചൻ മാത്യു, ആനി സഖറിയാസ്, ടോമിച്ചൻ കെ.സി., ജെസി ആൻഡ്രൂസ്, ഷിബു കെ.ജി. എന്നിവർ സംസാരിച്ചു. മികച്ച സ്ഥാപനമേധാവിയ്ക്കുള്ള കൃഷി വകുപ്പിന്റെ സംസ്ഥാന അവാർഡ് ജേതാവായ ആനക്കാംപൊയിൽ യു.പി. സ്കൂൾ പ്രധാനധ്യാപകൻ ശ്രീ. ജെയിംസ് വി. ജോഷിയെ ഉപഹാരം നൽകി ആദരിച്ചു.

## L.S.S., U.S.S., സ്കോളർഷിപ്പ്

2020-21 പ്രൈമറി സ്കൂൾ സ്കോളർഷിപ്പ് പരീക്ഷകളിൽ കോർപ്പറേറ്റ് സ്കൂളുകൾ മികച്ച വിജയം കരസ്ഥമാക്കി. വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ നിന്ന് 212 കുട്ടികൾ എൽ.എസ്.എസ്സിനും 156 കുട്ടികൾ യു.എസ്.എസ്സിനും അർഹരായി.

## സമുദായ ശാക്തീകരണ വെബിനാർ

താമരശ്ശേരി രൂപതയിലെ അല്മായ സംഘടന കോർഡിനേഷൻ കമ്മിറ്റിയുടെ (AOCC) ആഭിമുഖ്യത്തിൽ 27.03.2022 ഞായറാഴ്ച ഉച്ചയ്ക്കുശേഷം സംഘടിപ്പിച്ച സമൂദായ ശാക്തീകരണ വെബിനാറിൽ കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരും അധ്യാപക പ്രതിനിധികളും പങ്കെടുത്തു. "മലയാള പത്രപ്രവർത്തനവും മിഷനറിമാരും" എന്ന വിഷയത്തെ ആസ്പദമാക്കി പ്രശ്സത പത്രപ്രവർത്തകൻ ഡോ. വള്ളിക്കാവ് മോഹൻദാസ് നയിച്ച ക്ലാസ്സ് വിജ്ഞാനപ്രദവും പ്രചോദനാത്മകവുമായിരുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനും കൗൺസിലിങ് രംഗത്തേക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനുമായി കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോ തെറാപ്പിയിൽ ഓഫ് ലൈനായും ഓൺലൈനായും കൗൺസിലിങ്ങും ക്ലാസുകളും തുടരുന്നു. കൗൺസിലിംഗ് രംഗത്ത് അദ്ധ്യായങ്ങൾ രചിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് നടത്തപ്പെടുന്നു. കൗൺസിലിംഗ് രംഗത്തേക്ക് പുതു തലമുറയെ വാർത്തെടുക്കുന്നതിനായി, രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കൊളാബൊറേറ്റ് ചെയ്തു, കൗൺസിലിംഗ് സൈക്കോളജിയിൽ എം.എസ്.സി.യും/ കോഴിക്കോട് സർവ്വകലാശാലയുമായി കൊളാബറേറ്റ് ചെയ്ത് ഡിപ്ളോമ കോഴ്സുകളും നടക്കുന്നു.

## നിർമ്മാണ പ്രവർത്തനം ആരംഭിച്ചു

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനം 2022 മാർച്ച് 25 ന് ആരംഭിച്ചു. താമരശ്ശേരി രൂപതാ അദ്ധ്യക്ഷൻ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. പ്രവർത്തനം പുരോഗമിക്കുന്നു. പാറോപ്പടി ഫൊറോന വൈദികരുടെ മാസ ധ്യാനം ഇവിടെ വച്ച് നടത്തി.

നവജീവൻ ഹോം മിഷന്റെ ഒരുക്കമായി താമരശ്ശേരി രൂപതയിലെ ഡീക്കന്മാർക്കായി ഒരു ദിവസത്തെ പ്രോഗ്രാം പോപ്പ് ജോൺ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഡോ. കുര്യൻ പുരമഠം പ്രോഗ്രാം നയിച്ചു.

സിസ്റ്റേഴ്സിനു വേണ്ടിയുള്ള ഓൺലൈൻ ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ പരീക്ഷ കഴിഞ്ഞു. റിസൾട്ട് പ്രതീക്ഷിച്ചിരിക്കുന്നു.

## കോഴ്സുകൾ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകൾ:

1. എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)
3. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം (ഓൺലൈൻ) (only for fathers and sisters)

4. ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്) (ഓൺലൈൻ) (only for fathers and sisters)

ഈ കോഴ്സുകളിൽ ചേരാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

അവസാന തീയതി 30.05.2022. Mob.No: (9496575018/9037379180).

അഡ്മിഷൻ തുടരുന്നു: പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## സ്റ്റാർട്ട്

**2022-23 MTC Course നുള്ള ആപ്ളിക്കേഷൻ ആരംഭിച്ചു**

സ്റ്റാർട്ടിന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സ് ആണെന്ന് നമുക്കറിയാമല്ലോ. ജൂൺ 15 ന് ആരംഭിക്കുന്ന കോഴ്സ് പൂർണമായും സ്റ്റാർട്ടിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. 2022-23 വർഷത്തേക്കുള്ള ആപ്ളിക്കേഷൻ സ്വീകരിച്ചുതുടങ്ങി.

ഇതര കോച്ചിങ് സെന്ററുകളിൽ നിന്നെല്ലാം വ്യത്യസ്തമായസവിശേഷതകളോടെ സ്റ്റാർട്ട് നടത്തുന്ന ഈ പരിശീലന പരിപാടിയുടെ 17-ാമത് ബാച്ചാണ് ഈ വർഷം ജൂൺ 15 ന് ആരംഭിക്കുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലന പരിപാടിയുടെ മുഖ്യ ലക്ഷ്യമാണ്.

ദേശീയ അന്തർദേശീയ തലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും അടിസ്ഥാനം ഇംഗ്ലീഷ് ഭാഷാ സ്വാധീനവും യുക്തിവിചാരവും അടിസ്ഥാന ഗണിതവും പൊതുവിജ്ഞാനവുംപോലുള്ള വിഷയങ്ങളാണ്. ഇവയെല്ലാം കോർത്തിണക്കിയ സ്റ്റാർട്ടിന്റെ പരിശീലനം ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും രാജ്യത്തെ ഉയർന്ന സ്ഥാപനങ്ങ

ളിൽ പ്രവേശനം നേടാനും ജോലി നിയമനങ്ങൾ നേടാനും സഹായകരമാണ്. കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്.

പുതിയ ബാച്ചിലേക്കുള്ള അപേക്ഷ അയക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 9744458111 (Administartive Director) 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com

**9, 10, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികർക്കുള്ള തീവ്രപരിശീലന കോഴ്സ്**

കഴിഞ്ഞ പതിനേഴ് വർഷങ്ങളായി സമ്മർ അവധിക്കാലത്ത് നടത്താറുള്ള 9, 10, 11 ക്ലാസ് കഴിഞ്ഞവർക്കുള്ള തീവ്രപരിശീലന ക്ലാസുകൾ 2022 മെയ് 7 ശനിയാഴ്ച മുതൽ മെയ് 28 ശനിയാഴ്ച വരെ നടത്തപ്പെടുന്നു. 21 ദിവസം നീണ്ടുനിൽക്കുന്ന ഈ കോഴ്സ് ക്യാമ്പസ്സിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. കുട്ടികൾക്ക് ഉന്നത പഠനത്തിന് സഹായകമാകുന്ന രീതിയിൽ ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന കോഴ്സാണിത്.

താല്പര്യമുള്ളവർ ഉടൻതന്നെ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 8590468035 എന്ന വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോ ചെയ്യുക. ഫോൺ നമ്പർ 0495 2357843. e-mail: startin dia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ**
അക്കാഡമിക് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

## അൽഫോൻസ കോളേജ് തിരുവമ്പാടി

**അൽഫോൻസാ കോളജിന് അന്താരാഷ്ട്ര ഐഎസ്ഒ അംഗീകാരം**

അന്താരാഷ്ട്ര ഏജൻസി നൽകുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനുള്ള ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം ISO 9001:2015 അംഗീകാരം അൽഫോൻസ കോളേജിന്ലഭിച്ചു. തുടർച്ചയായ നാലാമത്തെ അംഗീകാരമാണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കോളേജിനെ തേടിയെത്തിയത്. കേന്ദ്ര ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി നാഷണൽ കൗൺസിൽ ഫോർ റൂറൽ എഡ്യുക്കേഷൻ, (MGNCRE), കോ

ളേജിനെ കോഴിക്കോട് ജില്ലയിലെ നൂറിലധികം കോളേജുകളിൽ നിന്ന് ഡിസ്ട്രിക് ഗ്രീൻ ചാമ്പ്യൻ അവാർഡിനും ബീറ്റ് കോവിഡ് ക്യാമ്പയിൻ സർട്ടിഫിക്കേഷനും കഴിഞ്ഞവർഷം തിരഞ്ഞെടുത്തിരുന്നു. ഈ വർഷം സംസ്ഥാന സർക്കാർ ഹരിത മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ ഹരിത മിഷൻ നൽകുന്ന 'പച്ചത്തുരുത്ത്' അംഗീകാരത്തിന് കോളേജ് അർഹമായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള നാനൂറ്റി മുപ്പതിലധികം കോളേജുകളിൽ നിന്ന് ഈ വർഷത്തെ ഏറ്റവും നല്ല വിമൻസ് ഡെവലപ്പ്മെന്റ് സെല്ലിനുള്ള അവാർഡിനും കോളേജ് തെരഞ്ഞെടുക്കപ്പെട്ടു. മലയോര ഗ്രാമീണ മേഖലയിലെ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് താമരശ്ശേരി രൂപത 2014 ൽ ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ യുജിസിയുടെ നാക് അക്രഡിറ്റേഷന് വേണ്ടിയുള്ള അവസാനഘട്ട ശ്രമത്തിലാണ്. കോളേജിലെ പുതിയ ബ്ലോക്കിന്റെയും വനിതാ ഹോസ്റ്റലിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

## മലയോര മേഖലയിലെ ആദ്യത്തെ തൊഴിൽ മേളയിൽ 74 പേർക്ക് നിയമനം

അൽഫോൻസ കോളേജ് തിരുവമ്പാടി പ്ലേസ്മെന്റ് വിങ്ങും ഇന്ത്യയിലെ പ്രമുഖ കമ്പ്യൂട്ടർ വിദ്യാഭാസ ശൃംഖലയായ ജിടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷനും സംയുക്തമായി അൽഫോൻസ കോളേജിൽ വെച്ച് നടത്തിയ ജോബ് ഫെയർ താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മേഴ്സി പുളിക്കാട്ട്, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോസ് മാവറ, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് ചെമ്പകശ്ശേരി, വാർഡ് മെമ്പർ ശ്രീ. അപ്പു കോട്ടായി, ജി.ടെക് കമ്പ്യൂട്ടർ എജുക്കേഷൻ പ്രതിനിധി ശ്രീ. ജോസഫ് തോമസ്, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി. ചാക്കോ സ്വാഗതമാശംസിച്ച ചടങ്ങിൽ കോഡിനേറ്റർ ശ്രീ. ജോസഫ് പുളിമൂട്ടിൽ നന്ദി പറഞ്ഞു. അൽഫോൻസ കോളേജും ജി.ടെകും സംയുക്തമായി നടത്തുന്ന ആഡ് ഓൺ കോഴ്സായ ടാലിയുടെ ബ്രോഷർ ചടങ്ങിൽ പ്രകാശനം ചെയ്തു. 43 പ്രമുഖ കമ്പനികൾ പങ്കെടുത്ത ജോബ് ഫെയറിൽ 1500 ഉദ്യോഗാർഥികളാണ് രജിസ്റ്റർ ചെയ്തത്. ഐ ടി., ബാങ്കിങ്ങ്, ഇൻഷുറൻസ്, കൺസ്ട്രക്ഷൻ, ഹോസ്പിറ്റാലിറ്റി ,ഹെൽത് കെയർ, സെയിൽസ് ആന്റ് മാർക്കറ്റിങ്ങ്, എഡ്യുക്കേഷൻ മീഡിയ, സെക്യൂരിറ്റി സ്റ്റാഫ്, തുടങ്ങി വിവിധ മേഖലകളിലായി 43 കമ്പനികൾ ജീവനക്കാരെ കണ്ടെത്താൻ എത്തി ചേർന്നു. 74 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചു. 416 പേർ ജോലിക്കായുള്ള ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടു. കോവിഡിനു ശേഷം നടന്ന തൊഴിൽ മേളയിൽ രാവിലെ മുതൽ ഉദ്യോഗാർത്ഥികളുടെ തിരക്കായിരുന്നു.

ചടങ്ങിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ബെക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു .കോളേജിന് ലഭിച്ച കേരള സർക്കാരിന്റെ പച്ചത്തുരുത്ത് പുരസ്കാരം, കേന്ദ്ര ഗവൺമെന്റിന്റെ ഗ്രീൻ ചാമ്പ്യൻ അവാർഡ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിമൻസ് ഡെവലപ്മെന്റ് ഏറ്റവും മികച്ച വിമൻസ് ഡെവലപ്മെന്റിനുള്ള അവാർഡ് എന്നിവ ക്ലബ്ബുകളുടെ കോഡിനേറ്റർമാരായ അധ്യാപകർക്കും വിദ്യാർഥികൾക്കും നല്കി ചടങ്ങിൽ ആദരിച്ചു. കെ സി വൈ എം. എസ് എം വൈഎം താമരശ്ശേരി രൂപതയും, കത്തോലിക്കാ കോൺഗ്രസും, എയ്ഡർ ഫൌണ്ടേഷനും തൊഴിൽ മേളയിൽ സഹകാരികളായി.

## സാമൂഹ്യനീതി ഗവണ്മെന്റിന്റെയും പൗരൻമാരുടെയും കൂട്ടുത്തരവാദിത്തം -മീന കന്തസാമി

സാമൂഹ്യനീതി കേവലം ഗവണ്മെന്റിന്റെ മാത്രം ഉത്തരവാദിത്തം അല്ല, മറിച്ച് ഓരോ പൗരന്റെയും പ്രത്യേകിച്ച് യുവാക്കളുടെയും കൂടി ഉത്തരവാദിത്വം ആണെന്ന് തിരുവമ്പാടി അൽഫോൻസാ കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് നടത്തിയ 'ടോക്ക് ഓൺ റൈറ്റിങ് ഫോർ സോഷ്യൽ ജസ്റ്റിസ്' എന്ന വെബിനാറിൽ പങ്കെടുത്ത് സംസാരിക്കവേ പ്രശസ്ത ദക്ഷിണേന്ത്യൻ എഴുത്തുകാരിയായ മീന കന്തസാമി അഭിപ്രായപെട്ടു. 'വേൾഡ് പോയ ട്രിഡേ'യോടാനുബന്ധിച്ചാണ് ദളിത് ആക്റ്റീവിസ്റ്റും എഴുത്തുകാരിയുമായ ഡോ. മീന കന്തസാമി തന്റെ ജീവിതാനുഭവങ്ങളെയും പോരാട്ടങ്ങളെയും കുറിച്ച് പറഞ്ഞുകൊണ്ട് വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചത്. കഥകൾക്ക് പിന്നിലെ സങ്കൽപ്പങ്ങളിൽ അനുഭവം കൂടെയുണ്ടാവും. ജീവിതത്തിലെ അനുഭവങ്ങൾ ലഭിക്കുന്ന പ്ലാറ്റുഫോമുകളിൽ എഴുതുകയും മാറ്റങ്ങൾക്ക് കാരണമാവുകയും വേണം. യുവതയുടെ ഉത്തരവാദിത്തമാണത്. അരികുവത്ക്കരിക്കപ്പെട്ടവരുടെ സ്വരമായി മാറുക എന്നതാവണം യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധത. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി ഉദ്ഘാടനം ചെയ്ത വെബിനാറിൽ സെബാസ്റ്റ്യൻ ചെറിയാൻ, ജോസഫ് പുളിമൂട്ടിൽ, ജോമിയ ജോർജ്, ഡെന്നി ജോസഫ്, ആര്യ അജയ് കുമാർ, അലക്സ് റൊസാരിയോ, മുഹദ് ആമീൻ എന്നിവർ സംസാരിച്ചു.

## ഫൈൻ ആർട്സ് ഡേ മത്സരങ്ങളും ചിത്രരചനാ പ്രദർശനവും.

ഈ വർഷത്തെ ഫൈനാർട്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി മാർച്ച് 18 വെള്ളിയാഴ്ച ചിത്രരചനയിൽ വൈഭവമുള്ള മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രദർശനം കോളേജ് യൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഏറ്റവും മികച്ച രചനകൾക്ക് അവാർഡ് നല്കി. വിവിധ ഇനങ്ങളിൽ ഓഫ് സ്റ്റേജ് & സ്റ്റേജ് മത്സരങ്ങൾക്ക് അനേകം വിദ്യാർത്ഥികൾ പങ്കെടുത്തു. 3 ദിവസം നീണ്ടുനിന്ന മത്സരങ്ങൾ വിദ്യാർത്ഥികൾക്ക് തങ്ങളുടെ സർഗാത്മ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി മാറി.'

## കോളേജ് ഡേ ആഘോഷിച്ചു

മാർച്ച് 31 ന് കോളേജ് ഡേ ആഘോഷിച്ചു. രാവിലെ 9.30 നടന്ന പൊതുചടങ്ങിൽ മാനേജർ സ്കറിയ മങ്ങരയിൽ അധ്യക്ഷനായിരുന്നു. തിരുവാമ്പാടി നിയോജകമണ്ഡലം എം.എൽ.എ ശ്രീ. ലിന്റോജോസഫ് കോളേജ് ഡേ ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. സിനിമാരംഗ പിന്നണിഗായിക കുമാരി നിയ ചാർളി മുഖ്യാതിഥി ആയിരുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി.കോളേജിന്റെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. യുവജനങ്ങൾ സമൂഹത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമായി നേതൃനിരയിലേക്ക് കടന്നുവരണമെന്ന് ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ അഭിപ്രായപ്പെട്ടു. നിയാ ചാർളിയുടെ ഗാനങ്ങൾ സദസിന് കൊഴുപ്പേകി. കഴിഞ്ഞവർഷങ്ങളിൽ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പഠനത്തിൽ മികവുപുലർത്തിയ വിദ്യാർത്ഥികൾക്ക് കോളേജ് മാനേജ്മെന്റ് നല്കുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. 2019-22 കാലഘട്ട ബാച്ചിലെ 'ബെസ്റ്റ് ഔട്ട് ഗോയിങ് സ്റ്റുഡന്റ് അവാർഡ് 'സൈക്കോളജി വിഭാഗം വിദ്യാർത്ഥിനി ശ്രീമതി രമ്യ സി. അലെക്സും കോമ്മേഴ്സ് വിഭാഗം ശ്രീമതി അമലു ജോസഫിനും ഇംഗ്ലീഷ് വിഭാഗം സൂര്യ ഗായത്രിക്കും ലഭിച്ചു.

## കരിയർ ഗൈഡൻസ് സെമിനാർ

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അസോസിയേഷന്റെയും കരിയർ ഗൈഡൻസ് സെല്ലിന്റെയും ആഭിമുഖ്യത്തിൽ ഫൈനൽ ഇയർ ബി എ ഇംഗ്ലീഷ് വിദ്യാർഥികൾക്കായി ബിഎ ഇംഗ്ലീഷിനു ശേഷം എന്ത് എന്ന വിഷയത്തിൽ ചൂസ് ദ റൈറ്റ് റോഡ് എന്ന് സെമിനാർ സംഘടിപ്പിച്ചു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ജോസഫ് പുളിമൂട്ടിൽ സെമിനാർ നയിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി സെബാസ്റ്റ്യൻ ചെറിയാൻ, റോബിൻ ജോർജ്, ജസ്പിൻ ഇമ്മാനുവൽ, സൂര്യഗായത്രി എന്നിവർ മീറ്റിംഗിൽ സംസാരിച്ചു.

## ബെസ്റ്റ് വിമൻ ഡെവലപ്മെന്റ് സെൽ അവാർഡ് അൽഫോൻസ കോളേജിന്

കാലിക്കറ്റ് യൂണിവേഴ്സിറ്റി വുമൺ സ്റ്റഡീസ് വിഭാഗം ഏർപ്പെടുത്തിയ ബെസ്റ്റ് വുമൺ ഡെവലപ്മെന്റ് സെല്ലിനുള്ള അവാർഡ് അൽഫോൻസ കോളേജ് വിമൻ ഡെവലപ്മെന്റ് സെല്ലിന് ലഭിച്ചു. 2021-22 അധ്യയനവർഷത്തെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ നിന്ന് രണ്ടാം സ്ഥാനം അൽഫോൻസ കോളേജ് നേടിയത്. സെൽഫ് ഡിഫൻസിന്റെ ഭാഗമായി കരാട്ടെ, സ്ത്രീകളും നിയമങ്ങളും, ക്യാൻസർ ബോധവൽക്കരണവും ജീവിതശൈലിയും, മെനസ്ട്രൽ ഹൈജീൻ, ജൻഡർ ഇക്വാളിറ്റി, ജെൻഡർ ആൻഡ് ലെജിസ്ലേച്ചർ തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർഥികൾക്കായി വുമൺ ഡെവലപ്മെന്റ് സെലിന്റെ നേതൃ

ത്വത്തിൽ വർക്ക്ഷോപ്പുകളും സെമിനാറുകളും നടത്തി. വിവിധ വിഷയങ്ങളെ അധികരിച്ച് കൊണ്ടുള്ള ഡിബേറ്റ് കളിലൂടെ ജൻഡർ ഇക്വാളിറ്റിയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാൻ കോളേജിലെ വിമൻസ് ഡെവലപ്മെന്റ് കൗൺസിലിന് സാധിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വിമൻസ് സ്റ്റഡീസ് വിഭാഗത്തിൽ വച്ച് നടന്ന ചടങ്ങിൽ കോർഡിനേറ്റർമാരായ ഫെജി മാനുവൽ, സ്നേഹ മാത്യു എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# ആൽഫ മരിയ അക്കാദമി

ആൽഫ മരിയ അക്കാദമിയിൽ 2022 വർഷത്തെ മെഡിക്കൽ/ എൻജനീയറിങ് (NEET, KEAM) പരീക്ഷയ്ക്ക് ഒരുക്കമായുള്ള പരിശീലന ക്ലാസുകൾ ഏപ്രിൽ 28 ന് ആരംഭിക്കുന്നു. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്.

അവധിക്കാലം ഉല്ലാസത്തോടൊപ്പം വിജ്ഞാനപ്രദമാക്കാൻ യു.പി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി അവധിക്കാല ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി വ്യാകരണ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം പ്രസംഗകല തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു.

ലക്ഷ്യബോധത്തോടെ പഠിക്കാനും ലക്ഷ്യപ്രാപ്തിക്കായി കഠിനാധ്വാനം ചെയ്യുവാനും ഉയർന്ന വിജയം നേടുവാനും വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാൻ 2022-23 അധ്യയന വർഷത്തേക്കുള്ള അഞ്ചു മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ ക്ലാസ്സ് ആരംഭിച്ചിരിക്കുന്നു.

വിവിധ മത്സര പരീക്ഷകൾക്കും ഒപ്പം കുട്ടികളുടെ വ്യക്തിത്വ വികസനവും കഴിവുകൾ വളർത്തുന്നതിനും വേണ്ടി ആൽഫ മരിയ അക്കാദമിയിൽ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ ജൂൺ ആദ്യവാരം ആരംഭിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുവാൻ ഈ വർഷം പത്താം ക്ലാസ് പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പഠന ക്ലാസ്സ് സംഘടിപ്പിക്കുന്നു.

തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ OET & IELTS പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി പരിശീലനം 2022 ഏപ്രിൽ 24 മുതൽ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ആൽഫയുടെ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 7907028758, 9400297653.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

ത്യാഗപൂർണ്ണമായ നോമ്പുകാലത്തിന്റെ അവസാന ദിവസങ്ങളിലെ വലിയ ആഴ്ചയും, ക്രൈസ്തവ ജീവിതത്തിന്റെ ഏറ്റവും വലിയ ആത്മീയ ആഘോഷമായ ഉയിർപ്പു തിരുനാളുമൊക്കെ നമുക്കു പകർന്നുതന്ന അദ്ധ്യാത്മിക അനുഭവങ്ങളിലൂടെയാണ് ഏപ്രിൽ മാസം കടന്നുപോയത്. മെയ്മാസം സംഘടനയെ സംബന്ധിച്ച് പ്രധാനപ്പെട്ട മാസമാണ്. സ്വർഗ്ഗീയ മധ്യസ്ഥയായ പരി. അമ്മയുടെ വണക്കമാസ ആചരണത്തിൽ പങ്കെടുത്ത് നമുക്ക് ഏറെ അനുഗ്രഹം പ്രാപിക്കാൻ ശ്രമിക്കാം.

## മേഖലാ സന്ദർശനങ്ങൾ

രൂപതാ സമിതിയുടെ മേഖലാ സന്ദർശനങ്ങൾ പെരിന്തൽമണ്ണ, കോടഞ്ചേരി, മരുതോങ്കര മേഖലകളിൽ നടത്തുകയുണ്ടായി. പ്രവർത്തനങ്ങളെ വിലയിരുത്തുകയും റിപ്പോർട്ട്, സംഗമങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചു യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കോവിഡിനു ശേഷമുള്ള പ്രവർത്തനങ്ങൾ ഒത്തൊരുമയോടെ ചെയ്യാൻ എല്ലാവരും പ്രാപ്തരാകുവാൻ ലക്ഷ്യമാക്കിയാണ് ഇത് നടത്തുന്നത്. സഹകരിക്കുന്ന മേഖലകൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. അത് സംഘടിപ്പിക്കുവാൻ നേതൃത്വവും സഹായങ്ങളും നൽകിയ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാർക്കും ഡയറക്ടറച്ചന്മാർക്കും മറ്റ് ഭാരവാഹികൾക്കും പ്രത്യേകം നന്ദി പറയുന്നു.

*മെയ് മാസത്തിൽ രൂപത സമിതി സന്ദർശനം നടത്തുന്ന മേഖലകൾ: തോട്ടുമുക്കം, കൂരാച്ചുണ്ട്, കരുവാരക്കുണ്ട്.*

## മാതൃദിനം മെയ് 8

മാതൃദിനത്തോടനുബന്ധിച്ച് വ്യത്യസ്തങ്ങളായ, ആകർഷകമായ പ്രോഗ്രാമുകൾ നടത്തുവാൻ ഭാരവാഹികൾ ശ്രമിക്കുമല്ലോ. അതിനു സഹായകരമായി കർമ്മ പദ്ധതിയിൽ നല്കിയിരിക്കുന്ന വിവിധ വിഷയങ്ങളെ താഴെ കൊടുക്കുന്നു; ഈ വിഷയങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

- സൈബർ സുരക്ഷ മാതൃത്വത്തിലൂടെ
- ഇടവകയിലെ മിശ്രവിവാഹിതരെ കണ്ടെത്തി പ്രശ്നങ്ങൾ മനസ്സിലാക്കുക.
- മിശ്ര വിവാഹത്തെക്കുറിച്ചുള്ള സഭാ പഠനങ്ങൾ മനസ്സിലാക്കുക
- വിശ്വാസ ജീവിതത്തെക്കുറിച്ചും കത്തോലിക്കാ മതബോധന

ഗ്രന്ഥത്തെക്കുറിച്ചും ആഴമേറിയ പഠനശിബിരങ്ങൾ നടത്തുക

- മാതൃഭക്തി പ്രോത്സാഹനം, വണക്കമാസ ആചരണം

## തിരുവമ്പാടി മേഖല

*മുക്കം യൂണിറ്റ് :* നോമ്പുകാലത്ത് മലയാറ്റൂർ തീർത്ഥാടനവും ഭവനസന്ദർശനവും ധനസഹായവും ഭക്ഷ്യക്കിറ്റ് വിതരണവും നടത്തി. മാർച്ച് 27 ന് ഇടവകയിലെ അമ്മമാർക്ക് വേണ്ടി 'നോമ്പുകാല ചൈതന്യത്തെ' കുറിച്ച് സിസ്റ്റർ റെനി ക്ലാസെടുത്തു.

*തിരുവമ്പാടി യൂണിറ്റ് :* ഇടവകയിലെ മാതൃവേദി അമ്മമാർ നോമ്പ് പരിത്യാഗത്തിലൂടെ ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി. മാതൃവേദി അമ്മമാർക്കായി 'സ്ത്രീ സുരക്ഷ' എന്ന വിഷയത്തെക്കുറിച്ച് സിസ്റ്റർ ഗ്രേസി ആൻസില ക്ലാസ്സെടുത്തു. മാതൃവേദി അംഗങ്ങൾ ആദ്യകാല അംഗങ്ങളായ അമ്മമാരുടെ ഭവനങ്ങൾ സന്ദർശിച്ച് സൗഹൃദവും സ്നേഹവും പങ്കുവെച്ചു. ഇടവകയിലെ 'ഹരിതാങ്കണം' പച്ചക്കറിത്തോട്ടം മത്സര വിജയിയെ അനുമോദിച്ചു.

*കരിമ്പ് യൂണിറ്റ് :* ഇടവകയിലെ പ്രായമായ അമ്മമാരെ ആദരിച്ചു. സംഘടനയുടെ സാമ്പത്തിക അഭിവൃദ്ധിക്കായി കൊക്കോ, കാപ്പി തൈകൾ വില്പനയ്ക്ക് റെഡിയാക്കി.

*വേനപ്പാറ യൂണിറ്റ് :* മാർച്ച് 25 ന് പരി. മാതാവിൻറെ മംഗളവാർത്ത തിരുനാൾ ആഘോഷിച്ചു വിശുദ്ധ കുർബാനക്ക് മുമ്പ് തിരിതെളിച്ച് ഗബ്രിയേൽ ദൂതന്റെ അറിയിപ്പ് പുനരാവിഷ്കരിച്ചു. മാർച്ച് 30 ന് ഹോം ഓഫ് ലവ്, കരുണാഭവൻ എന്നീ അഗതിമന്ദിരങ്ങൾ സന്ദർശിച്ചു. ഏപ്രിൽ പതിനഞ്ചാം തീയതി ദുഃഖവെള്ളിയാഴ്ച മാതൃവേദി അമ്മമാർ കുരിശിന്റെ വഴിയുടെ ഒരു ടാബ്ലോ നടത്തി.

## കൂരാച്ചുണ്ട് മേഖല

*കൂരാച്ചുണ്ട് യൂണിറ്റ് :* നിർധനനായ ഒരു കുട്ടിക്ക് മാതൃവേദി 12,000 രൂപ നൽകി. കുരിശിന്റെ വഴി, രോഗീ സന്ദർശനം എന്നിവ നടത്തി.

*കുളത്തുവയൽ യൂണിറ്റ് :* യൗസേപ്പ് പിതാവിന്റെ വണക്ക മാസ പ്രാർത്ഥന, കുരിശിന്റെ വഴി എന്നിവ നടത്തി. പ്രായമായവരെ ആദരിക്കൽ, നോമ്പുകാല ചിന്തകൾ, അമ്മമാർക്കുള്ള ബോധവത്കരണ ക്ലാസ്, ലേഖന മത്സരം , അടുക്കള തോട്ട മത്സരം, ധന സഹായം,, രോഗീ സന്ദർശനം, പച്ചക്കറി വില്പന എന്നീ പ്രവർത്തനങ്ങൾ നടത്തി.

*കാറ്റുള്ളമല യൂണിറ്റ് :* കുരിശിന്റെ വഴി, രോഗീ സന്ദർശനം എന്നിവ നടത്തുകയും ജില്ലയിലെ നല്ല കർഷകയായി തെരഞ്ഞെടുത്ത ദീപ ഷാജു കൊച്ചുവീട്ടിലിനെ ആദരിക്കുകയും ചെയ്തു.

*കല്ലാനോട് യൂണിറ്റ് :* മാർച്ച് 8ന് വനിത സംഗമവും, സ്ത്രീ ശാക്തീകരണ

ക്ലാസും നടത്തി അഡ്വ. മരിയ ക്ലാസ് നയിച്ചു. കുരിശിന്റെ വഴി, വണക്കമാസ പ്രാർത്ഥന, ബൈബിൾ ക്വിസ് എന്നിവ നടത്തുകയും ചെയ്തു.

**കോടഞ്ചേരി മേഖല**

കോടഞ്ചേരി മേഖല സംഗമം ഏപ്രിൽ 3 ന് കോടഞ്ചേരി പാരീഷ് ഹാളിൽ വെച്ച് നടത്തി. രൂപത സമതിയുടെ അംഗങ്ങൾ, രൂപത ഡയറക്ടർ റവ. ഫാ. പ്രിയേഷ് തേവടിയിൽ, രൂപത ആനിമേറ്റർ സി. ഫിലോ, രൂപത പ്രസിഡണ്ട് ലിസി ജോസ് എന്നിവരും, കോടഞ്ചേരി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, അസി. വികാരി ഫാ. ജെസ്‌വിൻ തുറവക്കൽ, മേഖല ഡയറക്ടർ റവ. ഫാ. ബിജു ചെന്നിക്കര, മേഖല ആനിമേറ്റർ സി. എൽസി, മേഖല, ഇടവക മാതൃവേദി ഭാരവാഹികൾ എന്നിവരും പങ്കെടുത്തു.

*കോടഞ്ചേരി യൂണിറ്റ് :* മാർച്ച് 23 ന് മാതൃവേദി അംഗങ്ങൾ കോഴിക്കോട് കരുണാഭവൻ സന്ദർശിക്കുകയും അമ്മമാർ സമാഹരിച്ച 10000 / രൂപയും 100 കിലോ അരി, തേങ്ങ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോയി കൊടുക്കുകയും ചെയ്തു. കോടഞ്ചേരി ഫൊറോനയിൽ നിന്നും കാണാതായ പെൺകുട്ടിക്കുവേണ്ടി നടത്തിയ പ്രതിഷേധറാലിയിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.

**മരുതോങ്കര മേഖല**

മരുതോങ്കര മേഖലയിൽ ജപമാല, കുരിശിന്റെ വഴി, കാഴ്ചവെപ്പ്, ബൈബിൾ വായന, യുദ്ധസാഹചര്യത്തിൽ പ്രത്യേക പ്രാർത്ഥന എന്നിവയ്ക്ക് അമ്മമാർ നേതൃത്വം നൽകി.

*പടത്തുകടവ് ഇടവക :* സ്പന്ദനം പരിപാടിയുടെ ഭാഗമായി ഫാ. ജോർജ് വെള്ളാരംകാലായിൽ ക്ലാസ്സ് നയിച്ചു.

**തോട്ടുമുക്കം മേഖല**

*മേഖലാതലം :* രോഗീ സന്ദർശനം, ബൈബിൾ വായന, സാമ്പത്തികസഹായങ്ങൾ, ചികിത്സ സഹായങ്ങൾ എന്നിവ നൽകി. മാതൃവേദി അംഗങ്ങൾക്കുവേണ്ടി ചിട്ടി ആരംഭിച്ചു.

*തോട്ടുമുക്കം യൂണിറ്റ് :* ഈസ്റ്ററിനോട് അനുബന്ധിച്ച് അഞ്ചു കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് നൽകി. തൂവൂർ ആകാശ പറവകൾക്ക് ഭക്ഷണ സഹായം നൽകി. പെസഹായെക്കുറിച്ചും ആചരണത്തെക്കുറിച്ചും ശ്രീമതി ചിന്നമ്മ ടീച്ചർ ക്ലാസെടുത്തു. ആനിമേറ്റർ സി. ജെയിൻ മേരിക്ക് യാത്രയയപ്പും സ്നേഹോപഹാരവും നല്കി.

*ചുണ്ടത്തുംപൊയിൽ യൂണിറ്റ് :* പരീക്ഷയ്ക്കൊരുങ്ങുന്ന കുഞ്ഞുങ്ങളെ സമർപ്പിച്ച് കൊന്ത ചൊല്ലി പ്രാർത്ഥനാദിനമായി ആചരിച്ചു.

*പനംപ്ലാവ് യൂണിറ്റ് :* അമ്പതു നോമ്പിന്റെ ഭാഗമായി അമ്പത് അമ്മമാർ ബൈബിൾ വായിക്കുകയും, വീഡിയോ അതതു ദിവസം ഗ്രൂപ്പുകളിൽ ഇടുകയും ചെയ്തു. മാതൃവേദി അംഗങ്ങളുടെ നിര്യാണത്തിൽ, ഒരുമിച്ച് പോയി പ്രാർത്ഥിച്ചു.

## വിലങ്ങാട് മേഖല

വിലങ്ങാട് ഇടവകയിൽ സംഭവിച്ച 2 കുട്ടികളുടെ ദാരുണ മരണത്തിൽ കുടുംബങ്ങൾക്ക് ആശ്വാസം നൽകാൻ അംഗങ്ങൾ മുന്നിട്ടിറങ്ങുകയുണ്ടായി. പള്ളി, സെമിത്തേരി ക്ലീനിങ്, രോഗീ സന്ദർശനം, സാമ്പത്തിക സഹായം എന്നിവ നൽകുന്നു.

*മഞ്ഞക്കുന്ന് യൂണിറ്റ് :* മാതൃവേദി അംഗത്തിന്റെ മകന്റെ ഓപ്പറേഷന് ധന സഹായം നൽകി. എല്ലാമാസവും രോഗി സന്ദർശനം നടത്തുന്നു.

## താമരശ്ശേരി മേഖല

മേഖലയിലെ യൂണിറ്റുകളായ പുതുപ്പാടി, മൈലെള്ളാംപാറ, വയലട, ചിപ്പിലിത്തോട്, നൂറാംതോട്, ഈങ്ങാപ്പുഴ, കട്ടിപ്പാറ, ബാലുശ്ശേരി, കൂടത്തായി എന്നിവിടങ്ങളിൽ അമ്മമനസ്സ് പ്രോഗ്രാം നടത്തി. പുതുപ്പാടി യൂണിറ്റ് മാതൃവേദി അംഗങ്ങൾ വൃദ്ധ സദനമായ യേശുഭവൻ സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണത്തിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

## മലപ്പുറം മേഖല

*മഞ്ചേരി യൂണിറ്റ് :* അമ്മമാരുടെ സജീവപങ്കാളിത്തത്തോടെ സമ്പൂർണ ബൈബിളിന്റെയും, പുതിയ നിയമത്തിന്റെയും കൈയെഴുത്തുപ്രതികൾ എഴുതി പ്രകാശനം ചെയ്തു. എല്ലാ ദിവസവുംവൈകുന്നേരം മൂന്നുമണിക്ക് കരുണക്കൊന്തയും, ജപമാലയും ഗൂഗിളിലൂടെ നടത്തുന്നു. സമ്പൂർണ്ണ ബൈബിൾ വായനയ്ക്കായി 170 അമ്മമാർ അടങ്ങുന്ന ഗ്രൂപ്പ് ഉണ്ടാക്കുകയും ദിവസേന വായിക്കേണ്ട ഭാഗം പോസ്റ്റ് ചെയ്യുന്നു. ഓരോ ഭാഗങ്ങൾ കഴിയുമ്പോഴും വായിച്ച ഭാഗത്തെ പറ്റിയുള്ള ലഘുവിവരണം നൽകുന്നു. 15 ചോദ്യങ്ങൾ വീതം നൽകി , ഉത്തരങ്ങൾ ശേഖരിച്ച് പരിശോധനകൾ നടത്തി, പോയിൻറ് രേഖപ്പെടുത്തി വരുന്നു. നോമ്പുകാലത്ത് ഒരു തീർത്ഥാടനമെന്ന പോലെ മേഖലയിലെ പള്ളികൾ സന്ദർശിച്ച് കുരിശിന്റെ വഴി നടത്തി. അമ്മമാരുടെ ചിത്രകലയിലെ നൈപുണ്യം കണ്ടെത്താനായി കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങൾ ഈശോയുടെ പീഡാനുഭവം ധ്യാനിച്ചുകൊണ്ട് വാർഡ് തലത്തിൽ വരയ്ക്കാൻ അവസരം നൽകി. വരച്ച ചിത്രങ്ങൾ ദുഃഖവെള്ളിയാഴ്ച പള്ളിയുടെ മുൻപിൽ നോട്ടീസ് ബോർഡിൽ പ്രകാശനം ചെയ്തു. രോഗീസന്ദർശനവും, പ്രാർത്ഥനാ കൂട്ടായ്മയും ന

ടത്തുന്നു. ഇടവകയിലെ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായമായി ഒരു ലക്ഷം രൂപയോളം സാമ്പത്തിക സഹായം കൊടുക്കുകയും ചെയ്തു.

### പാറോപ്പടി മേഖല

എല്ലാ യൂണിറ്റുകളിലും അമ്മ മനസ്സ് പ്രോഗ്രാമിലൂടെ ഉത്തമ കുടുംബിനികളെ കണ്ടെത്തി അവരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു . March 9 നു പാറോപ്പടി മേഖല സെമിനാർ ഈസ്റ്റ്ഹിൽ പള്ളിയിൽ വച്ചു നടന്നു. കാലിക്കറ്റ് കോർപറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫാ. അജി പുതിയാപറമ്പിൽ ക്ലാസ്സ് എടുത്തു. മേഖല ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, ഫാ. മനോജ് കൊല്ലംപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

### *മാങ്കാവ് യൂണിറ്റ്*

മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഇടവകയിലെ എഴുപതു വയസിനു മുകളിൽ ഉള്ള എല്ലാ അമ്മമാരേയും മാതൃവേദിയുടെ നേതൃത്വത്തിൽ ആദരിച്ചു. വി. യൗസ്സപ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ചു നടന്ന ഊട്ടുനേർച്ചയിൽ മാങ്കാവ് മാതൃവേദിയുടെ നേതൃത്വത്തിൽ ഊട്ടുനേർച്ചയോടനുബന്ധിച്ചു അമ്മമാർ വീടുകളിൽ ഉണ്ടാക്കിയ ഭക്ഷ്യവസ്തുക്കൾ കൊണ്ട് ഒരു സ്റ്റാൾ ഇടുകയും അതിൽ നിന്ന് ലഭിച്ച തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുകയും ചെയ്തു. വലിയനോമ്പാചരണത്തിന്റെ ഭാഗമായി ഇടവകയിലെ 14 അമ്മമാർ 14 പള്ളികൾ സന്ദർശിച്ചു കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. നോമ്പിന്റെ ഈ കാലഘട്ടത്തിൽ രോഗീ സന്ദർശനവും ചികിത്സസഹായവും നൽകുന്നു. വലിയനോമ്പാചരണ സമാപനത്തോടനുബന്ധിച്ചു നിർദ്ധനരായവരുടെ ഭവനങ്ങളിലേക്കു അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ അമ്മമാർ വിതരണം ചെയ്യുകയുണ്ടായി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 13000 രൂപ സമാഹരിച്ച് നൽകി.

### *കുണ്ടായിത്തോട് യൂണിറ്റ്*

അമ്മമനസ്സ് പ്രോഗ്രാമിനൊപ്പം, വനിതാദിനത്തോടനുബന്ധിച്ചു നടന്ന പ്രോഗ്രാമിൽ ഇടവകയിലെ 65 വയസിനുമുകളിലുള്ള 23 അമ്മമാരെ വികാരിയച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു.

### *പാറോപ്പടി യൂണിറ്റ്*

വനിതാ ദിനത്തിന്റെ ഭാഗമായി ഭവന സന്ദർശനവും സാമ്പത്തിക സഹായവും നല്കി. മാർച്ച് 20ന് റവ. ഫാ. വിൽസൺ മുട്ടത്തുകുന്നേൽ അമ്മമാർക്കായി ക്ലാസ് എടുത്തു. മാർച്ച് 29 ന് ഇടവകയിലെ ഏറ്റവും കൂടുതൽ മക്കളുള്ള (8 പേർ)റിന്റയുടെ ഭവനം സന്ദർശിച്ചു. ഏപ്രിൽ 9 ന് അമ്മമാർ കൊഴുക്കട്ട തിരുനാ

ളിന് പലഹാരം ഉണ്ടാക്കി കൊണ്ടുവരുകയും കുർബാനക്ക് ശേഷം വിതരണം ചെയ്യുകയും ചെയ്തു.

### *അമലാപുരി യൂണിറ്റ്*

വനിതാദിനാചരണത്തിന്റെ ഭാഗമായി നടന്ന യോഗത്തിൽ വെച്ച് ഇടവകയിലെ ഒരംഗത്തിനുവേണ്ടിയുള്ള ഭവനനിർമാണഫണ്ടിലേയ്ക്ക് 20000 രൂപ സംഭാവന നൽകി. വിശുദ്ധവാരത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ വിവിധ ശുശ്രൂഷകൾക്ക് ആവശ്യമായ വസ്തുക്കൾ ഉണ്ടാക്കി സഹകരിച്ചു.

### *അശോകപുരം യൂണിറ്റ്*

വനിതാദിനത്തിൽ അമ്മമനസ്സ് പ്രോഗ്രാമിനൊപ്പം പരമ്പരാഗത വേഷധാരിയായ (ചട്ടയും മുണ്ടും) ഒരു അമ്മച്ചിയെ പൊന്നാട അണിയിച്ചു ആദരിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 5000 രൂപ ചിലഴിച്ചു.

### *ചേവായൂർ യൂണിറ്റ്*

യൂണിറ്റ് അംഗങ്ങൾ മാർച്ച് 12 ന് തീയതി കരുണാഭവൻ സന്ദർശിക്കുകയും അന്തേവാസികൾക്ക് മധുരപലഹാരങ്ങൾ, 50 കിലോ അരി എന്നിവ നൽകുകയും ചെയ്തു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി യൂണിറ്റിൽനിന്നും 7660/ രൂപ ചെലവഴിച്ചു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി



# ആദരാഞ്ജലികൾ



## സി. മേരി വിക്റ്റിമ MSJ

**മരണം 6-4-2022**

എം. എസ്. ജെ സന്യാസിനി സമൂഹത്തിലെ അംഗമായ സി. മേരി വിക്റ്റിമ (79) 06/04/2022 ന് നിര്യാതയായി. നെടുങ്ങപ്ര പരേതരായ വർഗീസിന്റെയും അന്ന കുട്ടിയുടെയും രണ്ടാമത്തെ മകളായി ജനിച്ചു. 56 വർഷത്തെ സന്യാസ ജീവിതത്തിൽ കാക്കനാട്, ആരക്കുഴ, കുട്ടൻപുഴ, ചത്താങ്കോട്ടുനട, താന്നിപ്പുഴ, തൂവൂർ, കോട്ടഗിരി, മുക്കം, കാഞ്ഞിരപ്പുഴ, കോഴിക്കോട് പ്രൊവിൻഷ്യൽ ഹൗസ് എന്നീ കോൺവെന്റുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സഹനം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും സ്നേഹം കൊണ്ട് ദൈവമക്കളെ ശുശ്രൂഷിക്കുകയും ചെയ്ത ഒരു അനുഗ്രഹീത ജീവിതമായിരുന്നു സിസ്റ്ററിന്റേത്.

# ഇൻഫാം

## ഇൻഫാം പെരിന്തൽമണ്ണ ഫൊറോന കമ്മറ്റി

| | | |
|---|---|---|
| പ്രസിഡൻറ് | - | സോജൻ കൈതമറ്റം |
| വൈസ് പ്രസിഡൻറ് | - | പി ടി തോമസ് |
| സെക്രട്ടറി | - | ജെറിൻ പുത്തൻപുരയിൽ |
| ജോയിൻ സെക്രട്ടറി | - | സുബിൻ മേച്ചേരി കാരോട്ട് |
| ട്രഷറർ | - | സർ ജോപ്പൻ ചുവപ്പുങ്കൽ |

## ഇൻഫാം അഗ്രിഫാം വെഞ്ചരിച്ചു

താമരശ്ശേരി രൂപതയുടെ ഉടമസ്ഥതയിലുള്ള തെയ്യപ്പാറയിലെ സ്ഥലത്ത് പുതുതായി നിർമ്മിച്ച അഗ്രിഫാമിന്റെ വെഞ്ചിരിപ്പ് കർമ്മം താമരശ്ശേരി രൂപതാ ധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ രൂപതാ പ്രസിഡണ്ട് അഗസ്റ്റിൻ പുളി ക്കകണ്ടത്തിൽ സെക്രട്ടറി ബോണി ആനത്താനത്ത് ട്രഷറർ ബ്രോണി നമ്പ്യാ പറമ്പിൽ, രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി മേരി ചീരാംകുഴിയിൽ, സം സ്ഥാന സെക്രട്ടറി ജോസഫ് കാര്യങ്കൽ ഈരുട് പള്ളി വികാരി ഫാദർ ആൻറ ണി ചെന്നിക്കര ഇൻഫാം രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, വിവിധ ഫോ റോന പ്രസിഡണ്ടുമാർ, വിവിധ ഇടവകകളിൽ നിന്ന് വന്ന പ്രവർത്തകർ എന്നി വർ ചടങ്ങിൽ സംബന്ധിച്ചു.

## ചക്ക ഗ്രാമ പദ്ധതിയിലേയ്ക്ക് ആദ്യ ചുവടുവയ്പ്പ്

മേൽപ്പട്ട ശുശ്രൂഷയിൽ ഒരു വ്യാഴവട്ടക്കാലം പൂർത്തിയാക്കിയതിന്റെ സ്മര ണയ്ക്കായി താമരശ്ശേരി രൂപത മുഴുവൻ ഹൈബ്രീഡ് പ്ലാവുകളുടെ ഒരു ദേശ മായി മാറ്റുന്നതിന്റെ ആദ്യ ചുവടായി താമരശ്ശേരി രൂപതയുടെ ഉടമസ്ഥതയി ലുള്ള തെയ്യപ്പാറ ഇൻഫാം അഗ്രോ ഫാമിൽ വിയറ്റ്നാം സൂപ്പർ ഏർലി ഓൾ സീസൺ പ്ലാവ്തൈ നട്ടുകൊണ്ട് ഈ പദ്ധതിയുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് നിർവ്വഹിച്ചു. താമരശ്ശേരി രൂപതയുടെയും കെസിബിസി മലബാർ മേഖലയുടെയും ഡയറക്ടറായ ഫാ. ജോസ് പെണ്ണാപറമ്പിൽ താമര ശ്ശേരി രൂപത ഇൻഫാം പ്രസിഡന്റായ ശ്രീ. അഗസ്റ്റിൻ പുളിക്കക്കണ്ടതിൽ എന്നി വരുടെ നേതൃത്വത്തിലാണ് പദ്ധതി നിർവ്വഹണം.

ഇൻഫാം അഗ്രോ ഫാമിലെ എട്ട് ഏക്കർ സ്ഥലത്ത് ഹൈബ്രീഡ് പ്ലാവുക ളായ വിയറ്റ്നാം സൂപ്പർ ഏർലി ഓൾ സീസൺ, കമ്പോഡിയൻ ജാക്ക്, ജെ. 33, സിദ്ധു, ദൻസൂര്യ, സീഡ്ലെസ്സ് ജാക്ക്, ആയൂർജാക്ക്, അരക്കില്ലാ വരിക്ക, ചക്ക രക്കൂഴ, എന്നീ അത്യുല്പാദനശേഷിയുള്ള പ്ലാവിനങ്ങളാണ് നടാൻ പ്ലാൻ ചെയ്യു

ന്നത്. ഇൻഫാം അഗ്രിഫാമിൽ മേൽത്തരം പ്ലാവിൻ തൈകളുടെ ഒരു നഴ്സറി കൂടി ഇൻഫാം ആരംഭിച്ചിട്ടുണ്ട്. താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങളിലും രണ്ട് പ്ലാവിൻ തൈകൾ എങ്കിലും വിതരണം ചെയ്ത് എല്ലാ ഭവനങ്ങളെയും ചക്കയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് അഭിവന്ദ്യ റെമീജിയോസ് പിതാവ് അറിയിച്ചു.

രൂപതയിലെ വിവിധ ഇടവകകളിൽ താല്പര്യമുള്ള കർഷകരിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് വ്യാപകമായ തോതിൽ അത്യുല്പാദന ശേഷിയുള്ള പ്ലാവിനങ്ങൾ കൃഷിചെയ്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി ഇടനിലക്കാരില്ലാതെ കർഷകർക്ക് ഉയർന്ന വരുമാനം ലഭ്യമാക്കുകയാണ് ഇൻഫാം ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അറിയിച്ചു.

ഹൈബ്രീഡ് പ്ലാവ് കൃഷി കാർഷിക അഭിരുചിയുള്ള ഏവർക്കും വളരെ ലളിതമായി കൃഷിചെയ്ത് ഒരു വർഷംകൊണ്ട് വിളവെടുക്കാൻ കഴിയുന്നതാണ്. ഇതിനായി രണ്ടടി സമചതുര കുഴിയെടുത്ത് ചാണകപ്പൊടിയും, ചകിരിച്ചോറും സുഡോമോണസ്, പി.എച്ച് ബൂസ്റ്റർ എന്നിവയുടെ മിശ്രിതം ഉപയോഗിച്ച് കുഴിമൂടി അതിൽ തൈ നടാവുന്നതാണ്. കൃഷിഭൂമി ഇല്ലാത്തവർക്കും സ്ഥലപരിമിതി ഉള്ളവർക്കുമായി ബാരലുകളിലും മേൽപറഞ്ഞ മിശ്രിതം ചേർത്ത് എളുപ്പത്തിൽ പ്ലാവ് വളർത്താവുന്നതാണെന്ന് രൂപതാ പ്രസിഡന്റ് അഗസ്റ്റിൻ സാർ അറിയിച്ചു. കാഞ്ഞിരപ്പിള്ളി - ഹോംഗ്രോൺ, ഐനെറ്റ് ഫാം - കോട്ടയം, ആയൂർജാക്ക് - തൃശ്ശൂർ, ആനിമൂട്ടിൽ ഫാം - പാലാ, ചക്കഗ്രാം- മംഗലം ഡാം എന്നീ സ്ഥലങ്ങൾ ഇൻഫാം സംഘം സന്ദർശിച്ച് പ്ലാവ് കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ചും വളപ്രയോഗം, ജൈവകീടനാശിനി പ്രയോഗം, വിപണനം എന്നിവ കണ്ട് മനസിലാക്കിയതിനുശേഷമാണ് ഇൻഫാം പ്രസ്തുത സംരംഭത്തിന് തുടക്കം കുറിച്ചത്. കാർഷിക ഉല്പന്നങ്ങൾക്ക് വില ഇടിഞ്ഞ് ഈ കാലഘട്ടത്തിൽ ഒരു പ്ലാവിൽ നിന്നും ഇടിം ചക്കയായും, മൂത്ത ചക്കയായും, പഴം ചക്കയായും 1000 രൂപ അറ്റാദായം ഉണ്ടാക്കാൻ കഴിയുമെന്ന് ഇൻഫാം നേതൃത്വം അറിയച്ചു. ഹൈബ്രീഡ് പ്ലാവിനങ്ങളായതിനാൽ പ്ലാവിന്റെ ഉയരക്കുറവ് വിളവെടുപ്പിന് കൂലിച്ചെലവ് കുറയ്ക്കാൻ സഹായിക്കുമെന്നതും ഈ കൃഷിയുടെ നേട്ടമാണ്.

**ബന്ധപ്പെടാനുള്ള നമ്പർ : 9447218586, 8547183300, 8590889276**

## ഇൻഫാം തിരുവമ്പാടി മേഖല കമ്മറ്റി രൂപീകരിച്ചു

തിരുവമ്പാടി ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്ന്തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളിൽ നിന്ന് ഇൻഫാം തിരുവാമ്പാടി മേഖലാ കമ്മിറ്റി രൂപീകരിച്ചു തിരുവമ്പാടി പാരിഷ് ഹാളിൽ നടന്ന മീറ്റിങ്ങിൽ രൂപതാ ഡയറക്ടർ

ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു ഇൻഫാം രൂപതാ പ്രസിഡണ്ട് ശ്രീ പി. പി അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി. തിരുവമ്പാടി പള്ളി അസിസ്റ്റന്റ് വികാരി ഫാ. അമൽ പുരയിടത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു . പ്രസ്തുത മീറ്റിംഗിൽ വച്ച് മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു പ്രസിഡൻറ് തോമസ് പുത്തൻപുരയ്ക്കൽ വൈസ് പ്രസിഡണ്ട് ജോർജ് മാനാശ്ശേരിൽ സെക്രട്ടറി തോമസ് കുരിശുംമൂട്ടിൽ ജോയിൻ സെക്രട്ടറി ഫ്രിജിൽ വാളനാക്കുഴി ട്രഷറർ ജോർജ് വിലങ്ങുപാറ എന്നിവരെ തിരഞ്ഞെടുത്തു കൂടാതെ ഓരോ ഇടവകയിലേയും പ്രസിഡൻറുമാർ മേഖല എക്സിക്യൂട്ടീവ് അംഗങ്ങളായിരിക്കും കാട്ടുമൃഗങ്ങളായ കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ ശല്യത്തിൽനിന്ന് ഇന്ന് കർഷകരെ രക്ഷിക്കാൻ ഞാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

**ഇൻഫാം തോട്ടുമുക്കം മേഖല ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | - | ജയേഷ് പുത്തൻപുരയ്ക്കൽ |
| വൈസ് പ്രസിഡൻറ് | - | വിനോദ് തകിടിയെൽ |
| സെക്രട്ടറി | - | ഷാജു ഏറ്റുമാനൂർകകാരൻ |
| ജോയിൻറ് സെക്രട്ടറി | - | ബേബി തടത്തിൽ |
| ട്രഷറർ | - | ജോസ് പുളിക്കൽ |

**ഇൻഫാം പെരിന്തൽമണ്ണ ഫൊറോന കമ്മറ്റി**

| | | |
|---|---|---|
| പ്രസിഡന്റ് | - | സോജൻ കൈതമറ്റം |
| വൈസ് പ്രസിഡൻറ് | - | പി ടി തോമസ് |
| സെക്രട്ടറി | - | ജെറിൻ പുത്തൻപുരയിൽ |
| ജോയിൻ സെക്രട്ടറി | - | സുബിൻ മേച്ചേരി കാരോട്ട് |
| ട്രഷറർ | - | സർ ജോപ്പൻ ചുവപ്പുങ്കൽ |

**കൂടത്തായി യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | - | തങ്കച്ചൻ മറ്റത്തിൽ, |
| വൈസ് പ്രസിഡന്റ് | - | ബിജു ആലപ്പാട്ട് |
| സെക്രട്ടറി | - | സെബാസ്റ്റ്യൻ പള്ളിത്താഴത്ത് |
| ജോയിൻ സെക്രട്ടറി | - | ബിജു കിഴക്കേകുന്നേൽ, |
| ട്രഷറർ | - | റോജി തുരുതിയിൽ |

**കരികണ്ടൻപാറ യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | - | കീർത്തി ചന്ദ്രൻ |
| വൈസ് പ്രസിഡന്റ് | - | സജീഷ് ചെമ്പരത്തി |
| സെക്രട്ടറി | - | റജി മോൾ ജോസഫ് |
| ജോയിൻ സെക്രട്ടറി | - | സിബി കൊടിമരതുമ്മൂട്ടിൽ |
| ട്രഷറർ | - | രാജു കിഴക്കുംപുറത്ത് |

**മാലാപറമ്പ് യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | - | സോജൻ ജോസഫ് |
| വൈസ് പ്രസിഡൻറ് | - | ചാക്കോ എതെക്കാട്ട് |
| സെക്രട്ടറി | - | ജോബി പുതുപറമ്പിൽ |
| ജോയിൻ സെക്രട്ടറി | - | ജോമോൻ വെണ്ടംപറമ്പിൽ |
| ട്രഷറർ | - | സേവ്യർ കുരിശുംമൂട്ടിൽ |

**ഇൻഫാം ജൈവവള വിതരണം**

ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ജൈവവളം നല്കപ്പെടുന്നു. ആവശ്യക്കാർ 9495693810, 9447218586 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. 1000 രൂപയാണ് വില. ഇൻഫാം അംഗങ്ങൾക്ക് വില കുറച്ച് കൊടുക്കുന്നു.

**അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ**
രൂപതാ പ്രസിഡന്റ്, ഇൻഫാം

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കുടുംബ പ്രേഷിതത്വം

താമരശ്ശേരി രൂപതാ കുടുംബ പ്രേഷിതത്വ വിഭാഗം വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കായി നടത്തുന്ന വിവാഹ ഒരുക്ക പ്രീ-കാനാ കോഴ്സ് ഏപ്രിൽ മാസത്തിൽ 1,2,3 തീയതികളിൽ ഓൺലൈനായി നടന്നു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും മറ്റു രൂപതകളിൽ നിന്നുമായി 130 യുവജനങ്ങൾ പങ്കെടുത്തു.

മെയ് മാസത്തിലെ പ്രീ-കാനാ കോഴ്സ് ഓൺലൈനായി 6,7,8 തീയതികളിൽ നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8714031056 എന്ന നമ്പറിൽ വിളിക്കുകയോ വാട്സപ്പ് മെസേജ് അയക്കുകയോ ചെയ്യുക.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## വലിയ കുടുംബങ്ങളുടെ സംഗമം

മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ കൂരാച്ചുണ്ട് മേഖലയിലെ വലിയ കുടുംബങ്ങളുടെ സംഗമം മെയ് 8-ാം തിയ്യതി 2 മണിക്ക് കൂരാച്ചുണ്ട് പള്ളി ഓഡിറ്റോറിയത്തിൽ വച്ചും, തിരുവമ്പാടി, തോട്ടുമുക്കം, താമരശ്ശേരി എന്നീ മേഖലകളിലെ വലിയ കുടുംബങ്ങളുടെ സംഗമം മെയ് 22 ഞായറാഴ്ച 2 മണിക്ക് തിരുവമ്പാടി പള്ളി ഓഡിറ്റോറിയത്തിൽവച്ചും നടത്തപ്പെടുന്നു. കെസിബിസി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, സെക്രട്ടറി ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവർ പങ്കെടുക്കുന്നു. പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുക്കുന്ന ഓരോ കുടുംബത്തിനും ആയിരം രൂപ വച്ച് ക്യാഷ് അവാർഡ് നൽകുന്നതാണ് എന്നു ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അറിയിച്ചു. വികാരിയച്ചന്മാർ നിങ്ങളുടെ ഇടവകയിലെ നാലും അതിൽ കൂടുതലും കുട്ടികൾ ഉള്ള കുടുംബങ്ങളെ ഈ സംഗമത്തിലേക്കു പറഞ്ഞയക്കുമല്ലോ.

## വിധവാ സംഗമം

താമരശ്ശേരി രൂപത വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ എല്ലാ വിധവകളുടെയും ഒരു സംഗമം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 24-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് ആരംഭിച്ച് ഉച്ചയ്ക്ക് അവസാനിക്കുന്നു. പ്രസ്തുത മീറ്റിംങ്ങിലേയ്ക്ക് ഓരോ ഇടവകയിലെയും വിധവകളെ പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഏപ്രിൽ 9-ാം തീയതി ശനിയാഴ്ച ദേവഗിരി ഒസാനാം ഭവനിൽ വച്ച് സെൻട്രൽ കമ്മറ്റി ചേരുകയുണ്ടായി. വാർഷിക കണക്കും റിപ്പോർട്ടും വിവിധ ഫൊറോന കമ്മറ്റി പ്രതിനിധികൾ അവതരിപ്പിച്ചു.

കോവിഡ് മഹാമാരിമൂലം പ്രവർത്തനങ്ങൾക്ക് വേഗത കുറഞ്ഞിട്ടുണ്ടെങ്കിലും വീണ്ടും പഴയതുപോലെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കണമെന്ന് തീരുമാനമെടുത്തു.

മെയ് 21 ന് കുന്ദമംഗലത്ത് നടക്കുന്ന വാർഷിക സമ്മേളനത്തിന് വിവിധ കമ്മറ്റികൾക്ക് രൂപം കൊടുക്കാനും തീരുമാനിച്ചു. സി.സി. പ്രസിഡന്റിന്റെ കോൺഫ്രൻസ് സന്ദർശനങ്ങൾക്ക് വേണ്ടി എസി പ്രസിഡന്റുമാർ ശ്രദ്ധിക്കണമെന്ന് യോഗത്തിൽ ആമുഖമായി സംസാരിച്ചവർ ചൂണ്ടികാട്ടി.

സഭയുടെ നിലപാടിനോട് ചേർന്നാണ് സംഘടനയുടെ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടത് എന്നും സമൂഹത്തിലെ മറ്റു പ്രശ്നങ്ങൾക്ക് സഭയുടെ നിലപാടിനോട് ചേർന്നായിരിക്കണം സംഘടനാ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതെന്നും യോഗം വിലയിരുത്തി.

ഓസാനാം ഭവനിലേയും തിരുവമ്പാടി സ്നേഹാലയത്തിന്റെയും പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. മതിൽ ഇടിഞ്ഞതുമൂലം പ്രയാസങ്ങൾ നേരിട്ടുണ്ടെങ്കിൽ കല്ല് തറകൊണ്ട് കെട്ടി പണിയാൻ തീരുമാനിച്ചു. സ്നേഹാലയത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് നല്ലവരായ നാട്ടുകാർ തന്നെ സംഭാവനയായി നൽകുന്നുണ്ടെന്ന് യോഗം ആദരവോടെ സ്വീകരിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

ഏപ്രിൽ 12ന് ഓൺലൈനിലൂടെ സബ് സോൺ കോർഡിനേറ്റർ, സെക്രട്ടറി, ഖജാൻജി, മിനിസ്ട്രി കോർഡിനേറ്റേഴ്സും സോണൽ സർവ്വീസ് ടീമും ഒത്തുകൂടി.

കോഴിക്കോട് സോണിലെ എല്ലാ പ്രാർത്ഥനാ ഗ്രൂപ്പുകളിലും തിരഞ്ഞെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യം സോണൽ കോർഡിനേറ്റർ അവതരിപ്പിച്ചു. മാർച്ച്, ഏപ്രിൽ മാസത്തിനുള്ളിൽ തന്നെ കോർ ഗ്രൂപ്പ് അംഗങ്ങളെ കണ്ടെത്തണം. എല്ലാ സബ് സോണുകളിലും ഇതിന്റെ ഭാഗമായി ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനകളും നടക്കുന്നു.

ഈ കാലഘട്ടത്തിൽ പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എൽ എസ്.എസ്. ട്രെയിനിംഗും പരിശീലനവും നടക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ സാധാരണ പ്രാർത്ഥനകൾക്കു പുറമെ കൂടുതൽ പ്രാവശ്യം വിശ്വാസപ്രമാണം ആവർത്തിച്ചു ചെല്ലുന്നു. നോമ്പിന്റെ ദിനങ്ങളിൽ ദമ്പതികൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനായി കുരിശിന്റെ വഴി ഭവനങ്ങളിൽ നടത്തുന്നു.

കെരിഗ്മ മിനിസ്ട്രി കോർഡിനേറ്റർ ശ്രീ. രാജു മംഗലശ്ശേരിയുടെയും, ശ്രീ. വക്കച്ചൻ തുണ്ടത്തിന്റേയും നേതൃത്വത്തിൽ കോഴിക്കോട് മലപ്പുറം ജില്ലകളിൽ മാർച്ച് 20 മുതൽ ഏപ്രിൽ 20 വരെ ധാരാളം സ്ഥലത്ത് അങ്ങാടികളിൽ വചനം പ്രസംഗിക്കാൻ സാധിച്ചു.

ഏപ്രിൽ 19-ാം തിയ്യതി 14-മത് ബൈബിൾ കൺവെൻഷന്റെ ഒരുക്ക ശുശ്രൂഷ സോണൽ ആനിമേറ്റർ സൈമൺ അച്ചന്റേയും, സബ്സോൺ ആനിമേറ്റർ ജോർജ്ജ്കുട്ടി അച്ചന്റെയും നേതൃത്വത്തിൽ നടന്നു. എല്ലാവർക്കും വേണ്ടിയും പ്രത്യേകം അഭിഷേക പ്രാർത്ഥന നടത്തി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# വികസനവേദി

## വൃക്കരോഗദിനചാരണം

10/03/22 നു വെറ്റിലപ്പാറ GVSന്റെ ആഭിമുഖ്യത്തിൽ വെറ്റിലപ്പാറ CHCയുമായി സഹകരിച്ചു ബോധവത്കരണ ക്ലാസ്സ് നടത്തി. ഊർങ്ങട്ടിരി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ.ഷിജോ ആന്റണി അധ്യക്ഷത വഹിച്ചു. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ ശ്രീ. ഹരിദാസ് പുൽപറ്റ ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബീന ആന്റണി ആശംസ അർപ്പിച്ചു. പഞ്ചായത്ത് മെമ്പർ ദീപ രജിദാസ് സ്വാഗതവും GVS പ്രസിഡന്റ് ശ്രീമതി മേഴ്സി ജെയിംസ് നന്ദിയും അർപ്പിച്ചു.

## ക്ഷയരോഗദിനാചരണം

വെറ്റിലപ്പാറ ജിവിഎസും വെറ്റിലപ്പാറ സിഎച്ച്സി യും സംയുക്തമായി ക്ഷയ രോഗദിനചാരണം നടത്തി. ജിവിഎസ് പ്രസിഡന്റ് ശ്രീമതി മേഴ്സി ജെയിംസ് അധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ഷൈനി സിബി ആശംസകൾ അർപ്പിച്ചു. സിഎച്ച്സി യിലെ ഡോ. സലീല ക്ഷയരോഗത്തെകുറിച്ച് ക്ലാസ്സ് എടുത്തു. ആശാവർക്കർ റീന റോയ് ആശംസ അറിയിച്ചു. ശ്രീമതി കത്രിന തോമസ് നന്ദി അർപ്പിച്ചു. 30 ഓളം അംഗങ്ങൾ പങ്കെടുത്തു.

## ജലദിനാചാരണം

മാർച്ച് 22 നു കോടഞ്ചേരി പാരിഷ്ഹാളിൽ വെച്ച് സിഡിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ജലദിനാചാരണവും ബോധവത്ക്കരണ സെമിനാറും നടത്തി. ജി. വി. എസ് പ്രസിഡന്റ് ശ്രീമതി റോസമ്മ സിറിയക് അധ്യക്ഷതവഹിച്ചു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസ് ചെമ്പകശ്ശേരി പരിപാടി ഉദ്ഘാടനം ചെയ്തു. സിഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി മുഖ്യപ്രഭാഷണം നടത്തി.

കോടഞ്ചേരി പള്ളി അസി. വികാരി ഫാ. അഗസ്ത്യൻ, സി. ഒ.ഡി. കോർഡിനേറ്റർ ശ്രീമതി ഡോണ എന്നിവർ ആശംസ അർപ്പിച്ചു. തുടർന്നു സിഡി പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ജോയ് ചാക്കോ ക്ലാസ്സ് എടുത്തു.

## ജലദിനചാരണം

ആനക്കാംപൊയിൽ ജിവിഎസിന്റെ നേതൃത്വത്തിൽ ജലദിനാചാരണം നടത്തി. വാർഡ് മെമ്പർ രാജു അമ്പലത്തിങ്കലും മെമ്പർ മഞ്ജു ഷിബിനും

നേതൃത്വം നൽകി. ആനക്കാംപൊയിൽ അങ്ങാടിയിൽ റാലി നടത്തുകയും ചെയ്തു. തുടർന്നു ജി. വി. എസിൽ വെച്ച് സെമിനാർ സംഘടിപ്പിച്ചു. ജലദൗർലഭ്യത്തിന്റെ കാരണവും ജലൽജീവൻമിഷനും ആയിരുന്നു വിഷയം. മേരിക്കുട്ടി ദേവസ്യ സ്വാഗതവും ലീലാമ്മ ജോർജ് നന്ദിയും അർപ്പിച്ചു.

## ജലസ്രോതസുകൾ ശുചീകരിച്ചു

ജലദിനത്തോട് അനുബന്ധിച്ച് ഓടക്കയംഭഗത്തു പത്ത് കുടുംബങ്ങൾ ഉപയോഗിക്കുന്ന ജലസ്രോതസ് ശുചീകരിച്ചു. ഊർങ്ങാട്ടിരി പഞ്ചായത്ത് മെമ്പർ ജിനേഷ് പി. എസ് പ്ലാച്ചാടി ഉദ്ഘാടനം നിർവഹിച്ചു. സി ഒ ഡി കോർഡിനേറ്റർ ശ്രീമതി ഷൈനി സിബി അധ്യക്ഷത വഹിച്ചു. ശ്രീമതി മേഴ്സി ജെയിംസ് സ്വാഗതം അർപ്പിച്ച പരിപാടിയിൽ ശ്രീമതി ത്രേസ്യാമ കറുകമലിൽ നന്ദിപറഞ്ഞു. ശുചീകരണ പരിപാടിയിൽ ആശാവർക്കർമാരും പങ്കെടുത്തു.

## ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കു തുടക്കം ഓമശ്ശേരി 10,000 കണക്ഷനുകൾ ലക്ഷ്യം

ഓമശ്ശേരി: ജൽ ജീവൻ മിഷൻ ദേശീയ ഗ്രാമീണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ തുടക്കമായി. കേന്ദ്ര-കേരള സർക്കാറുകളുടെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആവശ്യക്കാർക്ക് മുഴുവൻ ശുദ്ധജലം പൈപ്പ് ലൈൻ വഴി വീട്ടുപടിക്കലെത്തിക്കുന്ന ബൃഹത്തായ പദ്ധതിയാണ് ജൽ ജീവൻ മിഷൻ. നിലവിൽ കുടിവെള്ള പദ്ധതികളിൽ അംഗത്വമുള്ളവർ ഉൾപ്പെടെ പഞ്ചായത്തിൽ പതിനായിരം കണക്ഷനുകളാണ് ലക്ഷ്യമിടുന്നത്. പത്തൊമ്പത് വാർഡിലെയും വികസന സമിതി അംഗങ്ങളും സാമൂഹിക-രാഷ്ട്രീയ പ്രതിനിധികളും പങ്കെടുത്ത വിപുലമായ പഞ്ചായത്ത് തലശിൽപശാല പുത്തൂർ ഗവ.യു.പി.സ്കൂൾ ഹാളിൽ ഡോ. എം.കെ. മുനീർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് പി. അബ്ദുൽനാസർ അധ്യക്ഷത വഹിച്ചു. ശ്രീ. ജ്യോതിസ് ജോസ് പദ്ധതി വിശദീകരണം നടത്തി.

## ജൽ ജീവൻ മിഷൻ ശിലപശാല

കട്ടിപ്പാറ: കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ശുദ്ധജല കുടിവെള്ള പദ്ധതിയായ ജൽജീവൻ മിഷന്റെ പഞ്ചായത്ത് തല ശില്പശാല കട്ടിപ്പാറയിൽ ഡോ.എം.കെ. മുനീർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് എം.എൽ.എ. പറഞ്ഞു. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് മോയത്ത് അധ്യക്ഷനായി. ആൽബിൻ ടോമി പദ്ധതി വിശദീകരണം നടത്തി.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.03.2022 മുതൽ 20.04.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Chathangottunada | 20,000.00 |
| 2 | Kuliramutty | 20,000.00 |
| 3 | Kunnamangalam | 15,000.00 |
| 4 | Malaparamba | 15,000.00 |
| 5 | Tirur | 20,000.00 |

## Home

| | | |
|---|---|---|
| 6 | Amalapuri | 20,000.00 |
| 7 | Balussery | 10,000.00 |
| 8 | Kattipara | 10,000.00 |
| 9 | Kunnamangalam | 15,000.00 |
| 10 | Mailellampara | 15,000.00 |
| 11 | Malaparamba | 15,000.00 |
| 12 | Padathukadave | 20,000.00 |
| 13 | Poilomchal | 20,000.00 |
| 14 | Ponniamkurissy | 20,000.00 |
| 15 | Venappara | 20,000.00 |
| 16 | Vilangad | 15,000.00 |

## Medical

| | | |
|---|---|---|
| 17 | Balussery | 20,000.00 |
| 18 | Chakkittappara | 25,000.00 |
| 19 | Chakkittappara | 15,000.00 |
| 20 | Chembukadave | 10,000.00 |
| 21 | Chippilithode | 15,000.00 |
| 22 | Erude | 10,000.00 |
| 23 | Kariyathumpara | 15,000.00 |
| 24 | Kattipara | 10,000.00 |
| 25 | Kattullamala | 10,000.00 |
| 26 | Kattullamala | 10,000.00 |
| 27 | Konoorkandy | 15,000.00 |
| 28 | Koomamkulam | 10,000.00 |
| 29 | Koorachundu | 7,000.00 |
| 30 | Kuttipuram | 25,000.00 |
| 31 | Manjakadave | 15,000.00 |
| 32 | Perambra | 10,000.00 |
| 33 | Poilomchal | 15,000.00 |
| 34 | Theyyappara | 15,000.00 |
| 35 | Thiruvambady | 15,000.00 |
| 36 | Vaniambalam | 10,000.00 |
| 37 | Vilangad | 10,000.00 |

## Marriage

| | | |
|---|---|---|
| 38 | Kundayithode | 20,000.00 |
| 39 | Poothampara | 25,000.00 |
| 40 | Thottumukkam | 20,000.00 |
| 41 | Thottumukkam | 20,000.00 |

**Total 6,42,000.00**

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## മാർച്ച്

21 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പരേതനായ ജോസഫ് കിഴക്കയിലിന്റെ സ്മരണാർത്ഥം വി. കുർബാനയർപ്പിച്ചു.

വിളക്കാംതോട്, മുത്തപ്പൻപുഴ, ആനക്കാംപൊയിൽ, പുല്ലൂരാംപാറ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, ആനക്കാംപൊയിൽ സെന്റ് മേരീസ് യു.പി. സ്കൂളിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 'സഹപാഠിയ്ക്കൊരു വീടിന്റെ' താക്കോൽദാനം നിർവ്വഹിച്ചു.

22 വേനപ്പാറ, കല്ലുരുട്ടി, തിരുവമ്പാടി, തേക്കുംകുറ്റി, മുക്കം ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

23 പൂവാറംതോട്, മഞ്ഞക്കടവ്, കൂടരഞ്ഞി, കുളിരാമുട്ടി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

24. ഉച്ചകഴിഞ്ഞ്, കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്ക്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി. പ്രധാനാദ്ധ്യാപികയുടെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, രൂപതാഭവനിലെ അംഗങ്ങൾക്കായി നടത്തിയ മാസധ്യാനത്തിൽ പങ്കെടുത്തു.

25. രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ മംഗളവാർത്ത തിരുന്നാളിനോടനുബന്ധിച്ച് സുറിയാനി കുർബ്ബാന അർപ്പിച്ചു.

മേരിക്കുന്നിൽ പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം നിലയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

താമരശ്ശേരി രൂപതാഭവനിൽ ഊരകം അൽഫോൻസ സ്കൂൾ ട്രസ്റ്റ് മീറ്റിങ്ങിന് അദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, ഓൺലൈനായി സംഘടിപ്പിച്ച താമരശ്ശേരി രൂപത വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു.

26 വിലങ്ങാട്, മഞ്ഞക്കുന്ന്, പാലൂർ, അഭയഗിരി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. അഭയഗിരി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

27 വാളൂക്ക് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

28 രാവിലെ, പൂതംപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

പൂതംപാറ, കരിങ്ങാട്, പൊയിലോംചാൽ, ചാപ്പൻതോട്ടം, പി.ടി. ചാക്കോ നഗർ, ചാത്തൻകോട്ടുനട ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

29 രാവിലെ, മരുതോങ്കര ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

മരുതോങ്കര, കുണ്ടുതോട്, ചെമ്പനോട, പൂഴിത്തോട്, പടത്തുകടവ് ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

30 രാവിലെ, കുളത്തുവയൽ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

കുളത്തുവയൽ, കല്ലാനോട്, കൂരാച്ചുണ്ട്, കാറ്റുള്ളമല, കരികണ്ടൻപാറ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

31 രാവിലെ, പാത്തിപ്പാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

പാത്തിപ്പാറ, നരിനട, ചക്കിട്ടപാറ, പെരുവണ്ണാമൂഴി, മുതുകാട്, പേരാമ്പ്ര ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

## ഏപ്രിൽ

1 രാവിലെ എറണാകുളത്ത് മേജർ ആർച്ച് ബിഷപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന ദീപിക അപെക്സ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

2 രാവിലെ, കോഴിക്കോട് റസ്റ്റ് ഹൗസിൽ വെച്ച് ഇൻഫാം ഭാരവാഹികളോടൊപ്പം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുകയും പുതുക്കിയ ഭൂനികുതിയുടെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നല്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതയിൽ നിന്നും വിവിധ മേജർ സെമിനാരികളിൽ പരിശീലനം നടത്തുന്ന വൈദികവിദ്യാർത്ഥികളെ കാണുകയും പഠനപുരോഗതി വിലയിരുത്തുകയും ചെയ്തു.

3 രാവിലെ, വയലിട ഇടവക ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ച് സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

ചേളന്നൂരിൽ ഒരു വ്യവസായ സ്ഥാപനത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വഹിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ രൂപതയുടെ റൂബി ജൂബിലി കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസഭവനത്തിൽ സന്യാസിനികൾക്ക് ക്ലാസെടുത്തു.

4 രാവിലെ, മാങ്കാവ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

മാങ്കാവ്, കുണ്ടായിത്തോട്, കടലുണ്ടി, തേഞ്ഞിപ്പലം, അമലാപുരി, ഈസ്റ്റ്ഹിൽ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

5 രാവിലെ, ചേവായൂർ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

ചേവായൂർ, പാറോപ്പടി, ദേവഗിരി, കുന്ദമംഗലം, മാവൂർ, കട്ടാങ്ങൽ ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

6 രാവിലെ, കൂരോട്ടുപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

കൂരോട്ടുപാറ, മഞ്ഞുമല, ചെമ്പുകടവ്, മഞ്ഞുവയൽ, വലിയകൊല്ലി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

7 രാവിലെ, കുപ്പായക്കോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

കുപ്പായക്കോട്, കണ്ണോത്ത്, കോടഞ്ചേരി ഇടവകകൾ സന്ദർശിച്ച് വൈദികരും, സമർപ്പിതരും, ഇടവകാ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

തെയ്യപ്പാറയിൽ ഇൻഫാമിന്റെ പുതിയ ഫാം ഹൗസിന്റെ വെഞ്ചരിപ്പ് നടത്തി.

ഉച്ചകഴിഞ്ഞ്, പുല്ലാഞ്ഞിമേട് യേശുഭവനിൽ പരേതയായ എം.എസ്.ജെ. സന്യാസിനി സമൂഹാംഗം സി. വിക്ടിമയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

രാത്രി 10 മണിക്ക്, നാല്പതാം വെള്ളിയാഴ്ചയോടനുബന്ധിച്ച് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ നിന്നാരംഭിച്ച കുളത്തുവയൽ തീർത്ഥാടനത്തിന് നേതൃത്വം നൽകി.

8 രാവിലെ, കുളത്തുവയൽ സെന്റ് ജോർജ്ജ് തീർത്ഥാടന കേന്ദ്രത്തിൽ കുളത്തുവയൽ തീർത്ഥാടനത്തിന്റെ സമാപനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബ്ബാനയിൽ പങ്കെടുത്തു.

വൈകുന്നേരം, തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് രാജേന്ദ്രൻ പിതാവിനെ രൂപതാഭവനിൽ സ്വീകരിച്ചു.

9 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ നല്കി.

പുല്ലൂരാംപാറ ബഥാനിയായിൽ താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ വിവിധ സ്കൂളുകളിൽ നിന്ന് റിട്ടയർ ചെയ്യുന്ന അദ്ധ്യാപക – അനദ്ധ്യാപകർക്കുള്ള യാത്രയയപ്പും അദ്ധ്യാപകസംഗമവും ഉദ്ഘാടനം ചെയ്തു.

10 രാവിലെ, താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ ഓശാന ഞായറിനോടനുബന്ധിച്ച് നടന്ന തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

11 രാവിലെ, താമരശ്ശേരി പ്രേഷിതാരാം സന്യാസിനീ ഭവന കപ്പേളയിൽ സി. ലിൻസിയുടെ നാൽപത്തിയൊന്നാം ചരമ ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധവാരത്തോടനുബന്ധിച്ചുള്ള തൈലം വെഞ്ചരിപ്പ് നടത്തി വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, പുല്ലുരാംപാറ ഇടവകയുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഒരു ഭവനം വെഞ്ചരിച്ചു.

കൊല്ലം ആസ്ഥാനമായുള്ള മരിയൻ പ്രാർത്ഥനാഗ്രൂപ്പിന്റെ ഓൺലൈനായി നടന്ന മീറ്റിംഗിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

13 രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റ് കപ്പേളയിൽ ദിവ്യ ബലി അർപ്പിച്ചു. തുടർന്ന് സന്യാസാർത്ഥിനികൾക്ക് ക്ലാസ്സെടുത്തു.

14 രാവിലെ, താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ച് നടന്ന കാൽകഴുകൽ ശുശ്രൂഷയ്ക്കും മറ്റ് തിരുക്കർമ്മങ്ങൾക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, ദേവഗിരി സെന്റ് ജോസഫ്സ് ഇടവക ദൈവാലയത്തിൽ പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ച് നടന്ന നാൽപതുമണി ആരാധനയുടെ സമാപനത്തിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും സംബന്ധിച്ചു. തുടർന്ന് പെസഹാ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു.

മേരിക്കുന്ന് വൈദിക വിശ്രമ മന്ദിരത്തിലെ വൈദികരോടൊപ്പം പെസഹാ അപ്പം മുറിക്കലിൽ പങ്കെടുത്തു.

രൂപതാഭവനിലെ അംഗങ്ങൾക്കൊപ്പം പെസഹാ അപ്പം മുറിക്കലിൽ പങ്കെടുത്തു.

15 രാവിലെ, വേനപ്പാറ ഇടവക ദൈവാലയത്തിൽ പീഡാനുഭവ വെള്ളി തിരുക്കർമ്മങ്ങൾക്കും ശാന്തിനഗറിലേക്ക് നടത്തിയ കുരിശിന്റെ വഴിക്കും നേതൃത്വം നൽകി.

16 രാവിലെ, കോടഞ്ചേരി ഇടവക ദൈവാലയത്തിൽ ദുഃഖശനി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

17 വെളുപ്പിന് 3 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പ് തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, വിലങ്ങാട് ഇടവകയിൽ അപ്രതീക്ഷിതമായി പുഴയിൽ വീണ് മരണമടഞ്ഞ ആലപ്പാട്ട് ഹൃദിന്റെയും കൂവത്തോട്ട് ആഷ്മിന്റെയും മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

18 രാവിലെ, താമരശ്ശേരി ചാവറ ആശുപത്രി കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

മഞ്ഞക്കുന്ന് ഇടവകയിൽ ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.

19 രാവിലെ, തളിപ്പറമ്പ് പരിയാരം എം.എസ്.എം.ഐ. സന്യാസഭവനത്തിൽ ഏതാനും സന്യാസിനികളുടെ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ചു.

20 രാവിലെ, തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ട മാർ ജോസഫ് പാംപ്ലാനിപ്പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, താമരശ്ശേരി സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ് സന്ദർശിച്ച് അവരോടൊപ്പം അത്താഴ വിരുന്നിൽ പങ്കെടുത്തു.

21 രാവിലെ, കോടഞ്ചേരി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

പുഷ്പഗിരി ഇടവക ദൈവാലയത്തിൽ പള്ളോട്ടൈൻ സന്യാസ സമൂഹത്തിന് വേണ്ടി പഠനം പൂർത്തിയാക്കിയ മ്ശംശാന എബ്രഹാം വെള്ളിയേപ്പള്ളിലിന് പൗരോഹിത്യപട്ടം നല്കി.

വൈകുന്നേരം, പരിയാപുരം ഫൊറോന ദൈവാലയത്തിൽ പരേതയായ പുളിമൂട്ടിൽ മറിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

22 രാവിലെ, മുട്ടാർ ഇടവകയിൽ ബഹു. ഫ്രാൻസിസ് ആറുപറയിൽ അച്ചന്റെ ചരമവാർഷിക ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

23 രാവിലെ, പാലക്കാട് രൂപതയുടെ പുതിയ മെത്രാനായി ഉയർ ത്തപ്പെട്ട മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, തുവ്വൂർ ഇടവകയിൽ പരേതനായ പീറ്റർ ആനത്താനത്തിന്റെ സ്മരണാർത്ഥം വി. കുർബ്ബാനയർപ്പിച്ചു.

വൈകുന്നേരം, കൽക്കുണ്ട് ഇടവകയിൽ പുതുക്കിപ്പണിത ദൈവാലയത്തിന്റെ പുനർകൂദാശ നിർവ്വഹിച്ചു.

24 രാവിലെ, പാറോപ്പടി ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടികളുടെ ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

കോടഞ്ചേരി ഇടവക ദൈവാലയത്തിൽ അദിലാബാദ് രുപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കുന്നത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന വി. കുർബാനയിലും ആഘോഷങ്ങളിലും സംബന്ധിച്ചു.

വൈകുന്നേരം, മാവൂർ ഇടവകയിൽ നവീകരിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പ് നടത്തി വി. കുർബാനയർപ്പിച്ചു.

25 രാവിലെ, ചേവായൂർ പ്രസന്റേഷൻ സന്യാസിനീസമൂഹത്തിൽ ഏതാനും അർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാന, നിത്യവ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്കും ഏതാനും സന്യാസിനികളുടെ സന്യാസവസ്ത്ര സ്വീകരണത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കും നേതൃത്വം നൽകി വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി ആരാധനാ സന്യാസിനീ സമൂഹം പുതുതായി പണികഴിപ്പിച്ച വിശ്രമമന്ദിരത്തിന്റെ കപ്പേള കൂദാശകർമ്മം നടത്തുകയും ഭവനം വെഞ്ചരിച്ച് വി. കുർബാന അർപ്പിക്കുകയും ചെയ്തു.



*St. Joseph, Pray for us*



# Pope Francis on the Month of May



The month of May is approaching, a time when the People of God express with particular intensity their love and devotion for the Blessed Virgin Mary. It is traditional in this month to pray the Rosary at home within the family. The restrictions of the pandemic have made us come to appreciate all the more this “family” aspect, also from a spiritual point of view.

For this reason, I want to encourage everyone to rediscover the beauty of praying the Rosary at home in the month of May. This can be done either as a group or individually; you can decide according to your own situations, making the most of both opportunities. The key to doing this is always simplicity, and it is easy also on the internet to find good models of prayers to follow.

Dear brothers and sisters, contemplating the face of Christ with the heart of Mary our Mother will make us even more united as a spiritual family and will help us overcome this time of trial. I keep all of you in my prayers, especially those suffering most greatly, and I ask you, please, to pray for me. I thank you, and with great affection I send you my blessing.

25 April 2022

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-04-2022 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 05, May 2022, Pages 66.